بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7 | ലക്കം 24

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ജൂൺ 16/ഹി.ശം. 1401 ഇഹ്സാൻ 16/ഹിജ്റ 1443 ദുൽഖഅ്ദ 15

## അല്ലാഹുവിന്റെ വചനം

وَهُوَ الْقَاهِرُ فَوْقَ عِبَادِهٖ وَيُرْسِلُ عَلَيْكُمْ حَفَظَةً ۚ حَتّٰٓى اِذَا جَآءَ اَحَدَكُمُ الْمَوْتُ تَوَفَّتْهُ رُسُلُنَا وَهُمْ لَا يُفَرِّطُوْنَ ○

(الانعام: 62)

'അവൻ തന്റെ ദാസന്മാരുടെമേൽ പരമാധികാരിയാകുന്നു. അവൻ നിങ്ങളുടെമേൽ പാറാവുകാരെ അയക്കുന്നുണ്ട്. അങ്ങനെ നിങ്ങളിലൊരാൾക്ക് മരണം വന്നെത്തിയാൽ നമ്മുടെ ദൂതന്മാർ(മലക്കുകൾ) അവന്റെ ജീവനെ പിടിക്കുന്നതാണ്. അവർ(കല്പന നടപ്പാക്കുന്നതിൽ) വീഴ്ച വരുത്തുകയില്ല.' (6:62)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### സംശയാസ്പദ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുക:

(2051) നുഅ്മാനുബ്നു ബശീർ(റ) പറയുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'ഹലാൽ(അനുവദനീയം) വ്യക്തമാണ്. ഹറാം(നിഷിദ്ധം) വ്യക്തമാണ്. എന്നാൽ, അവ രണ്ടിനുമിടയിൽ സാദൃശ്യമായ ചില സംഗതികളുണ്ട്. അപ്പോൾ പാപങ്ങളിൽ വ്യക്തമായി വേർതിരിച്ചറിയാൻ കഴിയാത്തവ ആരെങ്കിലും ഉപേക്ഷിച്ചാൽ വ്യക്തമായ പാപം തീർച്ചയായും അവൻ ഉപേക്ഷിക്കും. സംശയാസ്പദമായ പാപം ചെയ്യാൻ വല്ലവനും ധൈര്യം കാണിച്ചാൽ അവൻ സ്പഷ്ടമായ പാപങ്ങളിൽ ചെന്നു ചാടാൻ സാധ്യതയുണ്ട്. പാപങ്ങൾ അല്ലാഹുവിന്റെ സംരക്ഷണ ഭൂമിയാണ്. വല്ല മൃഗത്തേയും അതിന്റെ അരികെ നിന്നുകൊണ്ട് തീറ്റിച്ചാൽ അതു സംരക്ഷണ ഭൂമിയിൽ കാലെടുത്തു വെച്ചേക്കാം.

അബ്ദുല്ലാ ബിൻ സയ്ദ് നാസ്നിയിൽനിന്ന് നിവേദനം. നമസ്കാരത്തിൽ വുഴു മുറിഞ്ഞുവോ എന്ന് സംശയിക്കുന്നതിനെ സംബന്ധിച്ച് ഒരാൾ നബി(സ)തിരുമേനിയോടു ആവലാതിപ്പെട്ടു. അവിടന്ന് പറഞ്ഞു: നീ നമസ്കാരം ഉപേക്ഷിക്കേണ്ടതില്ല. ശബ്ദം നീ കേൾക്കുകയോ വാസന നിനക്ക് അനുഭവപ്പെടുകയോ ചെയ്യുന്നതുവരെ. (മുഹമ്മദു) ബിൻ അബീ ഹഫ്സ്വ സുഹ്രിയിൽനിന്ന് രേഖപ്പെടുത്തിയിരിക്കുന്നു: വാസന നിനക്ക് അനുഭവപ്പെടുകയോ ശബ്ദം കേൾക്കുകയോ ചെയ്യാത്തപക്ഷം വുളു എടുക്കേണ്ടതില്ല. *(സ്വഹീഹ് ബുഖാരി, വാല്യം 4, കിതാബുൽബുയൂഅ്, പ്രസാധനം 2008 ഖാദിയാൻ)*

## ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ
13 മെയ് 2022
സമ്പൂർണ്ണ പരിഭാഷ

**സിദ്ദീഖ് എന്ന മർത്തബയിൽ അഥവാ സ്ഥാനത്തെത്തുമ്പോൾ വിശുദ്ധ ഖുർആനിന്റെ ഈശ്വരീയ ജ്ഞാനങ്ങളിലും അതിനോടുള്ള സ്നേഹത്തിലും അതിന്റെ പോയന്റുകളിലും യാഥാർഥ്യങ്ങളിലുമുള്ള അറിവു ലഭിക്കുന്നു. ശഹീദ് എന്ന് പറയുന്നത് മനുഷ്യൻ തന്റെ എല്ലാ ജോലിയിലും അല്ലാഹുവിനെ കാണുന്ന ആ ദർജയുടേയും സ്ഥാനത്തിന്റേയും പേരുംകൂടിയാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് ﷺന്റെ ഉപദേശങ്ങൾ

രണ്ടാമത്തെ സ്ഥാനം സ്വിദ്ദീഖിന്റേതാണ്. തൗബത്തുന്നുസ്വൂഹിനോടുകൂടി സത്യസന്ധതയെ വലിച്ചെടുക്കാത്തിടത്തോളം സമ്പൂർണമായ സത്യസന്ധതയുടെ ആകർഷണം ഉണ്ടാകുകയില്ല. വിശുദ്ധ ഖുർആൻ എല്ലാ സത്യസന്ധതകളുടേയും സമാഹാരവും സമ്പൂർണമായ സത്യത്തിന്റെ പേരുമാണ്. സ്വയം സത്യസന്ധനാകാത്തിടത്തോളം സത്യസന്ധതയുടെ ശ്രേഷ്ഠതയും സ്ഥാനങ്ങളും എങ്ങനെ അറിയാനാണ്. സിദ്ദീഖ് എന്ന മർത്തബയിൽ അഥവാ സ്ഥാനത്തെത്തുമ്പോൾ വിശുദ്ധ ഖുർആനിന്റെ ഈശ്വരീയ ജ്ഞാനങ്ങളിലും അതിനോടുള്ള സ്നേഹത്തിലും അതിന്റെ പോയന്റുകളിലും യാഥാർഥ്യങ്ങളിലുമുള്ള അറിവു ലഭിക്കുന്നു. കാരണം കളവ് കളവിനെ ആകർഷിച്ചെടുക്കുന്നു. അതുകൊണ്ട് ഒരിക്കലും കാദിബ് അഥവാ അസത്യഭാഷി ഖുർആനികമായ ജ്ഞാനങ്ങളും യാഥാർഥ്യങ്ങളും അറിയുന്നവനാകുകയില്ല. ഇക്കാരണത്താലാണ് ***ലാ യമസ്സുഹൂ ഇല്ലൽമുത്വഹ്ഹറൂൻ*** (56:80)- പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ ഇതു സ്പർശിക്കുകയില്ല- എന്ന് പറയപ്പെട്ടിട്ടുള്ളത്.

പിന്നീട് മൂന്നാമത്തെ മർത്തബ അഥവാ സ്ഥാനം ശഹീദിന്റേതാണ്. ഇതിന്റെ അർഥം സാധാരണക്കാരായ ആളുകൾ മനസ്സിലാക്കിവെച്ചിരിക്കുന്നത് യുദ്ധത്തിൽ വധിക്കപ്പെടുന്നവൻ, നദിയിൽ മുങ്ങിമരിക്കുന്നവൻ, പകർച്ചവ്യാധി പിടിപെട്ട് മരിക്കുന്നവൻ എന്നൊക്കെയാണ്. എന്നാൽ, ഞാൻ പറയുന്നു, അതിൽത്തന്നെ നിലനിറുത്തുകയും ആ പരിധിയിൽ അതിനെ ഒതുക്കി നിറുത്തുകയും ചെയ്യുക എന്നത് മുഅ്മിനിന്റെ തേജോവിലാസത്തിൽനിന്ന് അകലെയാണ്. ശഹീദ് യഥാർഥത്തിൽ അല്ലാഹുവിൽനിന്ന് സ്ഥൈര്യത്തിന്റേയും സമാധാനത്തിന്റേയും ശക്തികൾ പ്രാപിക്കുന്ന വ്യക്തിയാണ്. ഒരു ഭൂകമ്പത്തിനും അപകടത്തിനും അവനെ മാറ്റാൻ കഴിയുകയില്ല. വിനാശങ്ങളിലും ബുദ്ധിമുട്ടുകളിലും അവൻ നെഞ്ചുവിരിച്ച് നില്ക്കുന്നു. അല്ലാഹുവിനുവേണ്ടി ജീവൻതന്നെ അവന് നല്കേണ്ടിവന്നാലും അത്ഭുതകരമായ സ്ഥൈര്യം അവനു ലഭിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള വിഷമമോ ദുഃഖമോ ഒന്നും കൂടാതെ തന്റെ ശിരസ്സ് വെച്ചുകൊടുക്കുന്നു. തനിക്ക് ആവർത്തിച്ചാവർത്തിച്ച് ജീവിതം കിട്ടണമെന്നും അത് ആവർത്തിച്ചാവർത്തിച്ച് അല്ലാഹുവിന്റെ വഴിയിൽ സമർപിക്കണമെന്നും അവൻ ആഗ്രഹിക്കുന്നു. എങ്ങനെയുള്ള രുചിയും സന്തോഷവുമാണ് അവന്റെ ആത്മാവിനുണ്ടാകുന്നതെന്നാൽ അവന്റെ ശരീരത്തിൽ പതിക്കുന്ന ഓരോ വെട്ടും അവനെ ധൂളീകരിച്ചിടുന്ന ഓരോ അടിയും അവനേല്ക്കുമ്പോൾ അവന് അത് ഒരു പുത്തൻ ജീവിതവും പുത്തൻ ആനന്ദവും പുതുമയും പ്രദാനം ചെയ്യുന്നു. ഇതാണ് ശഹീദിന്റെ അർഥം.

പിന്നെ ഈ പദം 'ശഹ്ദ്'ൽ നിന്നും നിഷ്പന്നമാണ്. ദുസ്സഹകരമായ ഇബാദത്ത് അഥവാ ആരാധന ആരാണോ സഹിക്കുകയും അല്ലാഹുവിന്റെ വഴിയിൽ എല്ലാ ഓരോ കയ്പിനേയും വൈമനസ്യത്തേയും പേറുകയും പേറാൻ തയ്യാറാകുകയും ചെയ്യുന്നത് അവൻ തേൻപോലെ ഒരു മാധുര്യവും സ്വാദും പ്രാപിക്കുന്നു; ***തേൻ ഫീഹി ശിഫാ ഉൻല്ലിന്നാസി*** (16:70)- അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്- യുടെ സാക്ഷാത്കാരമാണെന്നതുപോലെ!ഇക്കൂട്ടരും ഒരു വിഷമകറ്റുന്ന ഔഷധമാകുന്നു. അവരുടെ സത്സംഗത്തിൽ വരുന്നവർ ധാരാളം രോഗങ്ങളിൽനിന്ന് മുക്തിനേടുന്നു.

പിന്നെ ശഹീദ് എന്ന് പറയുന്നത് മനുഷ്യൻ തന്റെ എല്ലാ ജോലിയിലും അല്ലാഹുവിനെ കാണുന്ന ആ ദർജയുടേയും സ്ഥാനത്തിന്റേയും പേരുംകൂടിയാണ്. അല്ലെങ്കിൽ കുറഞ്ഞപക്ഷം അല്ലാഹുവിനെ കണ്ടതുപോലെ ദൃഢമായി വിശ്വസിക്കുന്നു. അതിന്റെ പേര് ഇഹ്സാൻ അഥവാ നന്മയെന്നുമാണ് *(മൽഫൂദാത്ത് വാല്യം 1, പേജ് 375, പ്രസാധനം 2008 ഖാദിയാൻ പ്രസിദ്ധീകരണം)*

****

**ഈ ആയത്തിൽ അക്കാലത്ത് ലോകത്തിന് അറിയാതിരുന്ന, പാലുണ്ടാകുന്നതിന്റെ രീതി പറയപ്പെട്ടിരിക്കുന്നു. പിന്നീടാണ് അത് കണ്ടുപിടിച്ചത്.**

**വിശുദ്ധ ഖുർആനിന്റെ വാക്കുകൾ ശാസ്ത്രത്തിന്റെ നിലവിലെ ഗവേഷണത്തിന് തികച്ചും അനുസൃതമാണ്.**

സൂറത്തുന്നഹ്ലിലെ 67-ാം വചനമായ **വ ഇന്ന ലക്കും ഫിൽഅൻആമി ല യിബ്റത്തൻ നുസ്ഖീക്കും മിമ്മാ ഫീ ബുത്വൂനിഹി മിൻ ബയ്നി ഫർഥിൻ വ്വദമിൻ ല്ലബനൻ ഖാലിസ്വൻ സാഇഗൻ ല്ലിശാരിബീൻ** (തീർച്ചയായും കന്നുകാലികളിലും നിങ്ങൾക്കൊരു പാഠമുണ്ട്. അവയുടെ വയറുകളിലുള്ളതിൽനിന്ന്- ചാണകച്ചണ്ടിയുടേയും

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**അല്ലാഹു അവിശ്വാസികൾക്കുവേണ്ടി ഉറയിൽനിന്നെടുത്ത ഈ വാൾ ഞാൻ വീണ്ടും ഉറയിലിടുകയില്ല.**
**(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ))**

# നബി(സ) തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

**സജാഹ് ബിൻത് ഹാരിഥിനും മാലിക് ബിൻ നുവയ്റയ്ക്കുമെതിരെ ഉണ്ടായ നടപടികളുടെ വിശദമായ ചർച്ച.**

**ഖുത്ബ ജുമുഅ 2022 മെയ് 13/1401 ഹിജ്റത്ത് 13,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ കാലത്തുള്ള ഫിത്നകളേയും അതിനെതിരെ ഉണ്ടായ നീക്കങ്ങളെയും കുറിച്ചാണ് പരാമർശിച്ചിരുന്നത്. അതോടനുബന്ധിച്ച് ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) ബുത്വാഹ് പ്രദേശത്തിന്റെ ഭാഗത്ത്, മാലിക് ബിൻ നുവയ്റയുടെ അടുത്തേക്ക് നീങ്ങിയത് സംബന്ധിച്ച വിശദീകരണം ഇപ്രകാരമാകുന്നു. ബനൂ അസദിന്റെ പ്രദേശത്തുള്ള ഒരു അരുവിയുടെ പേരാണ് ബുത്വാഹ്. മാലിക് ബിൻ നുവയ്റയുടെ ബന്ധം തമീം ഗോത്രത്തിന്റെ ഒരു ശാഖയായ ബനൂ യർബൂഉമായിട്ടായിരുന്നു. അയാൾ ഹിജ്റ ഒമ്പതാം വർഷം തന്റെ ജനതയോടൊപ്പം മദീനയിൽ വന്നു ഇസ്‌ലാം സ്വീകരിച്ചു. മാലിക് ബിൻ നുവയ്റ തന്റെ സമൂഹത്തിലെ നേതാക്കന്മാരിൽപ്പെട്ടയാളായിരുന്നു. അറേബ്യയിലെ യോദ്ധാക്കളിലും കുതിര സവാരിക്കാരിലുമാണ് അയാൾ ഉൾപ്പെട്ടിരുന്നത്. നബി(സ) തിരുമേനി അയാളെ അയാളുടെ ഗോത്രത്തിലെ സക്കാത്ത്സ്വത്ത് പിരിക്കാനും സ്വരുക്കൂട്ടാനുമുള്ള ജോലി ചുമതലപ്പെടുത്തിക്കൊണ്ട് സക്കാത്തിന്റെ കാര്യനിർവഹണ പദവിയിൽ നിയമിച്ചിരുന്നു. എന്നാൽ, നബി(സ) തിരുമേനി വഫാത്താവുകയും അറേബ്യയിൽ മത നിരാസത്തിന്റേയും കലാപത്തിന്റേയും തിരമാലകൾ ഉയരുകയും ചെയ്തപ്പോൾ മാലിക് ബിൻ നുവയ്റയും മുർത്തദ്ദായവരിൽപ്പെട്ടവനായി. നബി(സ) തിരുമേനി വഫാത്തായി എന്ന അറിയിപ്പു കിട്ടിയപ്പോൾ അയാൾ ആനന്ദിക്കുകയും സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. അയാളുടെ വീട്ടിലെ സ്ത്രീകൾ മൈലാഞ്ചി ഇടുകയും വാദ്യമേളങ്ങൾ നടത്തുകയും നല്ലപോലെ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. തന്റെ ഗോത്രത്തിൽ സക്കാത്ത് നിർബന്ധമാണെന്നു മനസ്സിലാക്കുന്നതോടൊപ്പം സക്കാത്തിന്റേ തുക മുസ്‌ലിമീങ്ങളുടെ കേന്ദ്രമായ മദീനയിലേക്ക് അയക്കാൻ ആവശ്യപ്പെടുകയും ചെയ്ത മുസ്‌ലിമീങ്ങളെ അയാൾ വധിച്ചു. ചുരുക്കത്തിൽ ഒരു കാര്യം ഓർക്കേണ്ടത് ശിക്ഷ നൽകപ്പെടുകയോ അല്ലെങ്കിൽ ശക്തമായ നടപടി എടുക്കുകയോ ചെയ്തത്, മുസ്‌ലിമീങ്ങൾക്ക് നഷ്ടം വരുത്താൻ ശ്രമിച്ചവർക്കെതിരെയാണ്. അല്ലാതെ കേവലം മുർതദ്ദായതുകൊണ്ടല്ല.

ഏതായാലും ഇതു സംബന്ധിച്ച് പറയുന്നു: അയാൾ സക്കാത്ത് കൊടുക്കുന്നതിനെ എതിർക്കുകയും സ്വരുക്കൂട്ടിയ സക്കാത്തിന്റേ ധനം തന്റെ ജനതയിലുള്ളവർക്കുതന്നെ തിരിച്ച് കൊടുക്കുകയും ചെയ്തു. മറുഭാഗത്ത് കള്ളനുബുവ്വത്ത് വാദിയും കലാപകാരിയുമായ സജാഹ് ബിൻത് ഹാരിഥിനോടൊപ്പം ചേർന്നു. ആ സ്ത്രീ വലിയൊരു സൈന്യവുമായി മദീനയെ ആക്രമിക്കാൻ വന്നതായിരുന്നു. *(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ, വാല്യം 5, പേജ് 560, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് ലബ്നാൻ 2005)(സീറത്ത് സയ്യിദുനാ സിദ്ദീഖ് അബൂബക്ർ, അബുന്നസ്വ ്ർ മുത്തർറജിം പേജ് 598, 713, മുശ്ത്താഖ് ബുക് കോർണർ ലാഹോർ) (ഫർഹങ്കെ സീറത്ത്, പേജ് 63, സവാർ അക്കാഡമി കറാച്ചി)(മുഅ്ജമുൽബുൽദാൻ, വാല്യം 3, പേജ് 527)*

അവരുടെ പേര് സജാഹ് ബിൻത് ഹാരിഥ് എന്നായിരുന്നു. ഉമ്മു സ്വാദിർ എന്നായിരുന്നു വിളിപ്പേര്. അറേബ്യയിലെ ജ്യോതിഷിയായിരുന്നു. ഇവർ അറേബ്യയിൽ മതനിരാസത്തിന് മുമ്പേയോ അതിന്നിടയിലോ പ്രത്യക്ഷപ്പെട്ട കള്ളനുബുവ്വത്ത് വാദികളിലും കലാപകാരികളായ ഗോത്ര നേതാക്കന്മാരിലും ഉൾപ്പെടുന്നു. ബനൂ തമീം ഗോത്രവുമായിട്ടായിരുന്നു സജാഹിന്റെ ബന്ധം. അവരുടെ വംശപരമ്പര മാതാവിന്റെ ഭാഗത്തുനിന്ന് ബനൂഥഗ്ലബ് ഗോത്രത്തിൽ ചെന്നു ചേരുന്നു. അവരിലധികവും ക്രിസ്ത്യാനികളായിരുന്നു. സജാഹും ക്രിസ്ത്യാനിയായിരുന്നു. തന്റേത് ക്രിസ്തീയ ഗോത്രവും കുടുംബവുമായതുകൊണ്ട് ക്രിസ്ത്യാനികളുടെ നല്ല പണ്ഡിതയായ സ്ത്രീയായിരുന്നു ഇവർ. ഇവർ ഇറാഖിൽനിന്ന് ശിഷ്യന്മാരോടൊപ്പം വന്നതാണ്. മദീനയെ ആക്രമിക്കാൻ ആഗ്രഹിച്ചിരുന്നു. ചില ഗ്രന്ഥകാരന്മാർ പറയുന്നത് സജാഹ് ഇറാനികളുടെ ഗൂഡാലോചനയുടെ ഫലമായാണ് അറേബ്യയിൽ പ്രവേശിച്ചതെന്നാണ്. അതായത് അവസ്ഥകൾനോക്കി ഇറാനി ഭരണകൂടത്തെ ശോചനീയാവസ്ഥയിൽ നിന്ന് രക്ഷിക്കാൻ വന്നതായിരുന്നു. ഏതായിരുന്നാലും സജാഹ് നേരത്തെ പറഞ്ഞ കൈകാര്യകർത്താക്കളുടെ പ്രഭാത്തിൽ അറേബ്യൻ ദ്വീപിലേക്ക് പ്രവേശിച്ചതാണ്. അവർ ഏറ്റവുമാദ്യം തന്റെ സമൂഹമായ തമീം ഗോത്രത്തിലെത്തിയത് സ്വാഭാവികമാത്രം. ഒരു വിഭാഗം സക്കാത്ത് കൊടുക്കാനും നബി(സ) തിരുമേനിയുടെ ഖലീഫയെ അനുസരിക്കാനും തയ്യാറായിരുന്നു. എന്നാൽ, ഈ ഗോത്രത്തിലെ തന്നെ മറ്റൊരു വിഭാഗം അതിനെ എതിർക്കുകയുമായിരുന്നു. ഇവരിലെതന്നെ മൂന്നാമത്തെ കൂട്ടർക്ക് എന്തു ചെയ്യണം? എന്ത് ചെയ്യണ്ട? എന്നതിനെ കുറിച്ച് അറിവില്ലായിരുന്നു. ഏതായിരുന്നാലും ഈ ഭിന്നിപ്പ് ശക്തി പ്രാപിക്കുകയും തമീംഗോത്രം പരസ്പരം വഴക്കും വക്കാണവും തുടങ്ങുകയും കൊലപാതകങ്ങൾ നടത്തുകയും ചെയ്തു. ഇതിന്നിടയിൽ ഈ ഗോത്രങ്ങൾക്ക് സജാഹ് വരുന്നുണ്ടെന്ന അറിയിപ്പുകിട്ടി. മദീനയിലെത്തി അബൂബക്റിന്റെ സൈന്യത്തോടു യുദ്ധം ചെയ്യാൻ സജാഹ് ആഗ്രഹിക്കുന്നു എന്ന് അവർക്ക് അറിയാൻ കഴിഞ്ഞു. അതോടെ ഭിന്നിപ്പ് കുറേകൂടി പരക്കുകയുണ്ടായി. സജാഹ് തന്റെ വൻസൈന്യത്തോടൊപ്പം പൊടുന്നനെ തമീം ഗോത്രത്തിലെത്തി തന്റെ നുബുവ്വത്തിൽ വിശ്വസിക്കാൻ അവരെ ക്ഷണിക്കാമെന്ന ഉദ്ദേശത്തോടുകൂടി മുന്നോട്ട് വരികയായിരുന്നു. മാത്രമല്ല മുഴുവൻ ഗോത്രവും തന്നോടൊപ്പം ചേരുമെന്നും അവർ വിചാരിച്ചു. ഉയയ്നയെപോലെ തമീംഗോത്രവും യർബൂഅ് ഗോത്രത്തിന്റെ 'വനിതാനബി' ഖുറയ്ശികളുടെ നബിയെക്കാൾ ഉത്തമയാണെന്നും നബി(സ) തിരുമേനി വഫാത്തായിരിക്കുന്നുവെന്നും സജാഹ് ജീവിച്ചിരിക്കുന്നുവെന്നും അവർ പറയുമെന്നും അതിനുശേഷം തമീം ഗോത്രത്തിനോടൊപ്പം മദീനയിലേക്ക് കയറാമെന്നുമൊണ് സജാഹ് കരുതിയത്. ഇതായിരുന്നു അവളുടെ

ഉദ്ദേശ്യം. അബൂബക്റിന്റെ സൈന്യവുമായി പോരാടി വിജയംവരിച്ച് മദീനയിൽ അധികാരം പിടിക്കാമെന്നാണ് അവർ ആശിച്ചത്. ഏതായിരുന്നാലും സജാഹും മാലിക് ബിൻ നുവയ്റയും പരസ്പരം ബന്ധപ്പെടുകയും ചെയ്തു. സജാഹ് തന്റെ സൈന്യത്തോടൊപ്പം യർബൂഅ് ഗോത്രത്തിന്റെ അതിർത്തിയിലെത്തിയപ്പോൾ അവിടെ നിൽക്കുകയും ഗോത്രത്തലവനായ മാലിക് ബിൻ നുവയ്റയുമായി രഞ്ജിപ്പിലെത്തി മദീനയിൽ ഒന്നിച്ച് ആക്രമണം നടത്താൻ അയാളെ ക്ഷണിക്കുകയും ചെയ്തു. മാലിക് രഞ്ജിപ്പിനുള്ള ക്ഷണം സ്വീകരിച്ചു. എന്നാൽ, മദീനയെ ആക്രമിക്കാനുള്ള ഉദ്ദേശ്യത്തിൽ നിന്ന് പിന്മാറാൻ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: 'മദീനയിലെത്തി അബൂബക്റിന്റെ സൈന്യത്തെ നേരിടുന്നതിനെക്കാൾ ഉചിതം സ്വന്തം ഗോത്രത്തിലെ എതിർപ്പുയർത്തുന്ന ആളുകളെ ഇല്ലാതാക്കുകയാണ്. സജാഹിന് അക്കാര്യം ഇഷ്ടപ്പെട്ടു. അവൾ പറഞ്ഞു: 'നിങ്ങളുടെ ഇഷ്ടം പോലെയാകട്ടെ. ഞാൻ യർബൂഅ് ഗോത്രത്തിലെ ഒരു സ്ത്രീ മാത്രമാണ്. നിങ്ങൾ പറയുന്നതുതന്നെയാണ് ഞാൻ ചെയ്യുക.' സജാഹ് മാലിക്കിനു പുറമെ തമീം ഗോത്രത്തിന്റെ മറ്റു നേതാക്കന്മാർക്കും അനുരഞ്ജനത്തിനുള്ള സന്ദേശമയച്ചു. എന്നാൽ, വക്കീഅ് അല്ലാതെ മറ്റാരും തന്നെ ഈ ക്ഷണം സ്വീകരിച്ചില്ല. അപ്പോൾ സജാഹ് മാലിക്കിനോടും വക്കീയിനോടും തന്റെ സൈന്യത്തോടൊപ്പം മറ്റു നേതാക്കന്മാർക്കെതിരിൽ യുദ്ധപ്രഖ്യാപനം നടത്തി. ഘോര യുദ്ധമാണ് നടന്നത്. അതിൽ ഇരുകൂട്ടരുടെയും നിരവധിയാളുകൾ കൊല്ലപ്പെട്ടു. ഒരേ ഗോത്രത്തിലെ ജനങ്ങൾ പരസ്പരം ആളുകളെ ബന്ധനസ്ഥരാക്കി. എന്നാൽ, കുറച്ചു നാളുകൾക്കുശേഷം മാലിക്കും വക്കീഉം തങ്ങൾ ആ സ്ത്രീയെ പിന്തുണച്ചുകൊണ്ട് കഠിനമായ തെറ്റാണു ചെയ്തതെന്ന് മനസ്സിലാക്കി. അങ്ങനെ അവർ മറ്റു നേതാക്കന്മാരുമായി സുൽഹ് ചെയ്തു. യുദ്ധത്തടവുകാരെ കൈമാറി. അങ്ങനെ തമീം ഗോത്രത്തിനു സമാധനമായി. സജാഹ് അവിടെ തന്റെ പരിപ്പ് വേവുകയില്ലെന്നു കണ്ടപ്പോൾ അതായത് തന്റെ ലക്ഷ്യം പൂർത്തിയാക്കാൻ കഴിയുകയില്ലെന്ന് മനസ്സിലാക്കിയപ്പോൾ അവർ തമീംഗോത്രത്തിൽനിന്ന് ചാക്കുംപാട്ടയുമെടുത്ത് മദീനയിലേക്ക് കുതിച്ചു. നിബാജ് എന്ന സ്ഥലത്തെത്തിയപ്പോൾ ഔസ് ബിൻ ഖുസയ്മയുമായി ഏറ്റുമുട്ടേണ്ടി വന്നു. അതിൽ സജാഹ് പരാജയപെട്ടു. ഔസ് ബിൻ ഖുസയ്മ അവർ മദീനയിലേക്ക് മുന്നേറുന്നതല്ലെന്നു ഉറച്ച തീരുമാനം എടുക്കുന്നതുവരെ തിരിച്ച് പോകാൻ സമ്മതിച്ചില്ല. ഈ സംഭവത്തിനുശേഷം ദ്വീപിലുള്ള സൈനീക നേതാക്കന്മാർ ഒരുഭാഗത്ത് ഒരുമിച്ചുകൂടി. അവർ സജാഹിനോട് ചോദിച്ചു, 'ഇനി താങ്കളെന്താണ് ആജ്ഞാപിക്കുന്നത്? താങ്കളെന്താണ് ഞങ്ങളോട് കല്പിക്കുന്നത്? മാലിക്കും വക്കീഉം തങ്ങളുടെ ജനതകളുമായി സുൽഹ് ചെയ്തിരിക്കുന്നു. അവർ നമുക്ക് സഹായം ചെയ്യില്ല. മാത്രമല്ല നമ്മൾ അവരുടെ ഭൂമിയിലൂടെ കടന്നു പോകുന്നത് ഇഷ്ടപ്പെടുന്നില്ല. അവരുമായി നമ്മൾ ഉടമ്പടിയിൽ എത്തിയിട്ടുണ്ട്. മദീനയിലേക്ക് പോകുന്ന നമ്മുടെ വഴികൾ അടഞ്ഞിരിക്കുകയാണ്. ഇനി നമ്മൾ എന്താണ് ചെയ്യേണ്ടതെന്ന് പറഞ്ഞാലും.' സജാഹ് പറഞ്ഞു: 'മദീനയിലേക്കുള്ള വഴികൾ അടഞ്ഞിരിക്കുകയാണെങ്കിലും പ്രശ്നമൊന്നുമില്ല. നിങ്ങൾ യമാമയിലേക്ക് നീങ്ങുക.' അവർ പറഞ്ഞു: 'യമാമ നിവാസികൾ ഐശ്വര്യത്തിലും യശസ്സിലും നമ്മളേക്കാൾ മികച്ചവരാണ് മുസയ്ലിമയുടെ ശക്തിയും പ്രതാപവും വളരെ വർധിച്ചിരിക്കുന്നു.' ഒരു നിവേദനത്തിൽ പറയുന്നു; അവളുടെ സൈനിക നേതാക്കന്മാർ ഭാവിയിലെ നീക്കങ്ങളെ സംബന്ധിച്ച് ചോദിച്ചപ്പോൾ അവർ മറുപടി പറഞ്ഞു: ***അലയ്ക്കും ബിൽ യമാമഃ വ ദുഫ്ഫൂ ദഫീഫൽ ഹമാമഃ ഫഇന്നഹാ ഗസ്വത്തുൻ സ്വർറാമഃ ലാ യൽഹഖുക്കും ബഅ്ദഹാ മലാമഃ*** യമാമയിലേക്ക് പുറപ്പെടുക. പ്രാവിനെപ്പോലെ വളരെ വേഗം ആക്രമണം നടത്തുക. അവിടെ ഒരു ശക്തമായ യുദ്ധം ഉണ്ടാകുന്നതാണ്. അതിനുശേഷം നിങ്ങൾക്കൊരിക്കലും ലജ്ജിക്കേണ്ടി വരുന്നതല്ല.' ഈ പ്രാസമൊപ്പിച്ച വാക്കുകൾ കേട്ടപ്പോൾ അവരുടെ സൈന്യം അത് വെളിപാടാണെന്നു ധരിക്കുകയുണ്ടായി. അതായത് അവൾ നബിയാണ്. നബിയായതു കൊണ്ട് വഹി ഉണ്ടായതാണെന്ന്! ഈ കല്പന സ്വീകരിക്കുകയല്ലാതെ അവർക്ക് മറ്റു മാർഗ്ഗങ്ങളൊന്നും ഉണ്ടായിരുന്നില്ല. അങ്ങനെ ആ കല്പന സ്വീകരിച്ചു. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, ഉർദു തർജമ ശെയ്ഖ് അഹ്മദ് പാനിപ്പത്തി, പേജ് 193-198, ഇസ്‌ലാമി കുതുബു ഖാന) (ഉർദു ദാഇറയെ മആരിഫ് ഇസ്‌ലാമിയ്യ, വാള്യം 10, പേജ് 738, പ്രസാധനം ലാഹോർ)*

സജാഹ് തന്റെ സൈന്യത്തോടൊപ്പം യമാമയിലെത്തിയപ്പോൾ മുസയ്ലിമക്ക് വലിയ ആശങ്കയായി. അയാൾ ചിന്തിച്ചത് സജാഹിന്റെ സൈന്യവുമായി യുദ്ധത്തിലേർപ്പെട്ടാൽ അയാളുടെ ശക്തി ക്ഷയിക്കുമെന്നാണ്. ഇസ്‌ലാമിക സൈന്യം അതിനുമേൽ വിജയം കൈവരിക്കും. മാത്രമല്ല ചുറ്റുപാടുമുള്ള ഗോത്രങ്ങളും അയാളെ അനുസരിക്കുന്നതിൽ നിന്ന് പിന്മാറും. ഇങ്ങനെ ചിന്തിച്ചുകൊണ്ട് അയാൾ സജാഹുമായി അനുരഞ്ജനത്തിലെത്താൻ ആഗ്രഹിച്ചു. ആദ്യം അവർക്ക് ഉപഹാരങ്ങൾ കൊടുത്തയച്ചു. തുടർന്ന് അവരെ കാണുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. അവർ മുസയ്ലിമക്ക് വരാൻ അനുവാദം നൽകി. മുസയ്ലിമ ഹുനയ്ഫ്ഗോത്രത്തിലെ നാൽപതു ആളുകളോടൊപ്പം അവരുടെ അടുത്തെത്തി. തനിച്ചിരുന്ന് അവരുമായി സംസാരിച്ചു. ഈ സംഭാഷണത്തിൽ മുസയ്ലിമ പ്രാസയുക്തമായ വാചകങ്ങൾ സജാഹിനെ കേൾപ്പിച്ചു. അതിൽ അവർ ആകൃഷ്ടയാവുകയും അതേപോലെ തന്നെയുള്ള ചില വാചകങ്ങൾ മറുപടിയായി കേൾപ്പിക്കുകയും ചെയ്തു. സജാഹിനെ പൂർണമായും തന്റെ നിയന്ത്രണത്തിൽ ആക്കാനും തന്റെ കൂടെ ചേർക്കാനും മുസയ്ലിമ പറഞ്ഞു: 'നമുക്ക് നമ്മുടെ രണ്ടു പേരുടെയും പ്രവാചകത്വം ഒന്നാക്കാം. രണ്ടു പേർക്കും വിവാഹം ചെയ്യാം!' സജാഹ് ഈ അഭിപ്രായം സ്വീകരിച്ചു. മുസയ്ലിമയോടൊപ്പം അയാളുടെ ക്യാമ്പിലേക്കുപോയി. മൂന്നു ദിവസത്തോളം അവിടെ താമസിച്ചശേഷം അവർ തന്റെ സൈന്യത്തിലേക്ക് തിരിച്ചുവന്നു. എന്നിട്ട് തന്റെ സുഹൃത്തുക്കളോട്, മുസയ്ലിമയെ സത്യത്തിലാണെന്നു താൻ കണ്ടുവെന്നും അയാളുമായി വിവാഹം കഴിച്ചുവെന്നും അറിയിച്ചു. ജനങ്ങൾ ചോദിച്ചു മഹർ എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ? അവർ പറഞ്ഞു: 'മഹർ ഒന്നും നിശ്ചയിച്ചിട്ടില്ല.' ജനങ്ങൾ പറഞ്ഞു: 'തിരിച്ച് പോയി മഹർ നിശ്ചയിക്കുക. കാരണം താങ്കളേപോലുള്ള വ്യക്തി മഹർ ഇല്ലാതെ വിവാഹം കഴിക്കുന്നത് ഉചിതമല്ല.' അങ്ങനെ അവൾ മുസയ്ലിമയുടെ അടുത്തു തിരിച്ച് പോകുകയും തന്റെ ആഗമനോദ്ദേശ്യം പറയുകയും ചെയ്തു. മുസയ്ലിമ അവർക്കുവേണ്ടി ഇശാഅ്, ഫജ്ർ നമസ്കാരങ്ങൾ ചെറുതാക്കി. അല്ലെങ്കിൽ ഇല്ലാതാക്കി. ഏതായാലും മഹറിനെ സംബന്ധിച്ച് ഇങ്ങനെ തീരുമാനം അറിയിച്ചു; 'മുസയ്ലിമ യമാമയിലെ ഭൂമിയിൽനിന്നുള്ള വരുമാനത്തിന്റെ പകുതി സജാഹിനു കൊടുക്കുന്നതാണ്. സജാഹ് പറഞ്ഞു: 'അടുത്ത വർഷത്തെ വരവിന്റെ പകുതിയും ആദ്യംതന്നെ നൽകേണ്ടതാണ്.' അങ്ങനെ മുസയ്ലിമ വാർഷിക വരുമാനത്തിന്റെ പകുതി അവർക്ക് കൊടുത്തു. അതുമായി അവർ ജസീറയിലേക്ക് തിരിച്ചുവന്നു. ബാക്കി പകുതി വർഷത്തെ വരുമാനം കരസ്ഥമാക്കാൻ വേണ്ടി കുറച്ചാളുകളെ ഹുനയ്ഫ് ഗോത്രത്തിൽത്തന്നെ നിറുത്തുകയും ചെയ്തു. സജാഹ് ഥഗ്‌ലബ് ഗോത്രത്തിൽ തന്നെ താമസിച്ചു. പിന്നീട് അവർ തൗബ ചെയ്തു. അവർ ഇസ്‌ലാം സ്വീകരിച്ചു എന്നും പറയപ്പെടുന്നുണ്ട്. ചിലരുടെ വീക്ഷണത്തിൽ ഹദ്റത്ത് ഉമറിന്റെ കാലത്താണ് അവർ ഇസ്‌ലാം സ്വീകരിച്ചത്. ഹദ്റത്ത് അമീർ മുആവിയ വരൾച്ചയുടെ വർഷം അവരെ അവരുടെ ജനതയോടൊപ്പം തമീം ഗോത്രത്തിലേക്ക് പറഞ്ഞയച്ചു. അവിടെ അവർ മരണംവരെയും മുസ്‌ലിമയായിത്തന്നെ ജീവിച്ചു. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, ഉർദു തർജമ ശെയ്ഖ് അഹ്മദ് പാനിപ്പത്തി, പേജ് 198-199)(താരീഖു ത്വബ്‌രി, വാള്യം 2, പേജ് 271, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2012)(മുഅ്ജമുൽബുൽദാൻ വാള്യം 1, പേജ് 527) (അൽബിദായ വന്നിഹായ, വാള്യം 7, പേജ് 259, ദാറുഹിജ്ർ ബെയ്റുത്ത് 1997)*

ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് ഖാലിദ് ബിൻ വലീദിന് ഇങ്ങനെ കല്പന നൽകി. 'ത്വുലയ്ഹ അസദിയുടെ കാര്യത്തിൽനിന്ന് വിരമിച്ചശേഷം മാലിക് ബിൻ നുവയ്റയെ നേരിടാൻ പോകുക. അയാൾ ബുത്വാഹിൽ താമസിക്കുന്നുണ്ട്.' *(താരീഖു ത്വബ്‌രി, വാള്യം 2, പേജ് 257, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2012)*

ഹദ്റത്ത് ഖാലിദ്(റ), ബുത്വാഹിൽ വന്നപ്പോൾ അവിടെ ആരെയും കണ്ടില്ല. പക്ഷേ, മാലിക്കിന് തന്റെ കാര്യത്തിൽ ആശങ്കയുണ്ടായപ്പോൾ അയാൾ തന്റെ

എല്ലാ കൂട്ടാളികളെയും അവരുടെ സമ്പത്ത് സംരക്ഷിക്കുന്നതിനുവേണ്ടി പറഞ്ഞയച്ചു. ഒരുമിച്ചു കൂടുന്നത് വിലക്കുകയും ചെയ്തു. അവരെ നേരിടാൻ പ്രയാസമാണെന്ന് തോന്നിത്തുടങ്ങി. നേരത്തെ ആ സ്ത്രീയുമായും അകന്നിട്ടുണ്ടായിരുന്നു. ഒരു പക്ഷേ, അതായിരിക്കാം കാരണം! ഏതായാലും ഹദ്റത്ത് ഖാലിദ് വിവിധ സൈനിക സംഘങ്ങളെ പല ഭാഗത്തേക്കും അയച്ചുകൊണ്ട് അവർക്ക് നിർദേശം നൽകി: 'എവിടെ എത്തിയാലും അവരെ ആദ്യം ഇസ്‌ലാമിലേക്ക് ക്ഷണിക്കുക. അതിനു മറുപടി നല്കാത്തവരെ ബന്ധനസ്ഥരാക്കി കൊണ്ടുവരിക. എതിർക്കുന്നവരെ വധിക്കുക.' ഈ സൈനിക സംഘങ്ങളിൽ ഒരു സംഘം മാലിക് ബിൻ നുവയ്റയെ അയാളോടൊപ്പം ബനൂഥഅ്‌ലബ ബിൻ യർബൂഇലെ കുറച്ചാളുകളായ ആസിം, ഉബയ്ദ്, അരീൻ, ജഅഫറുമുണ്ടായിരുന്നു ബന്ധനസ്ഥരാക്കി ഖാലിദിന്റെ അടുത്ത് കൊണ്ടുവന്നു. ഈ സൈനിക സംഘത്തിൽ ഹദ്റത്ത് അബൂഖത്താദയുമുണ്ടായിരുന്നു. അവർ തമ്മിൽ അഭിപ്രായ ഭിന്നതയുണ്ടായി. ഇവിടെ മറ്റൊരു നിവേദനം കൂടിയുണ്ട്. ഉർവയുടെ പിതാവിൽ നിന്നുള്ള നിവേദനമാണ്. ഈ സന്ദർഭത്തിൽ സൈനിക നീക്കത്തിനുശേഷം ഒമ്പത് പേരുടെ സാക്ഷ്യം ഇപ്രകാരമാണ്. ഞങ്ങൾ ബാങ്ക് കൊടുക്കുകയും ഇഖാമത്ത് കൊടുക്കുകയും നമസ്കരിക്കുകയും ചെയ്തപ്പോൾ അവരും അങ്ങനെ തന്നെ ചെയ്യുകയുണ്ടായി. എന്നാൽ, ചിലർ പറഞ്ഞു: അങ്ങനെ ഉണ്ടായിട്ടില്ല.' ഹദ്റത്ത് അബൂഖത്താദ ഇങ്ങനെ സാക്ഷ്യം നൽകി: 'അവർ ബാങ്കും ഇഖാമത്തും കൊടുക്കുകയും നമസ്കരിക്കുകയും ചെയ്തു.' സാക്ഷ്യത്തിലുള്ള ഈ ഭിന്നത കാരണം ഹദ്റത്ത് ഖാലിദ് അവരെ(ശത്രുക്കളെ) തടവിലാക്കി. *(താരീഖു ത്വബ്‌രി, വാള്യം 2, പേജ് 272-273, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2012)*

മാലിക് ബിൻ നുവയ്റയുടെ വധത്തെ സംബന്ധിച്ച് രണ്ടു തരത്തിലുള്ള നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. മാലിക് ബിൻ നുവയ്റ കൊല്ലപ്പെടുകയാണ് ഉണ്ടായതെന്ന് ഒരു നിവേദനത്തിൽ പറയുന്നു. മറ്റൊരു നിവേദനത്തിൽ പറയുന്നു: അന്നത്തെ ദിവസം രാത്രി കൊടും തണുപ്പായിരുന്നു. ആർക്കും അത് സഹിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. തണുപ്പ് വർധിച്ചപ്പോൾ ഹദ്റത്ത് ഖാലിദ്^(റ) ഇങ്ങനെ വിളംബരം ചെയ്യാൻ കൽപിച്ചു. അദ്ദേഹം ഉറക്കെ വിളിച്ച് പറഞ്ഞു. അദ്ഫിഉ അസ്റാക്കും. നിങ്ങളുടെ തടവുകാർക്ക് ചൂടു നൽകുക. അതായത് അവരെ തണുപ്പിൽനിന്ന് രക്ഷിക്കുന്നതിനുള്ള സംവിധാനം ചെയ്യുക. എന്നാൽ, കനാന ഗോത്രത്തിൽ ഈ ഭാഷാപ്രയോഗത്തിന് വേറിട്ട അർഥമായിരുന്നു. ഇവിടുത്തെ ഭാഷാപ്രയോഗത്തിൽ ഈ പദത്തിന്റെ അർഥം വധിക്കുക എന്നായിരുന്നു. സൈനികർ ഈ പദത്തിന്റെ ഉള്ളടക്കം തദ്ദേശഭാഷാപ്രയോഗമനുസരിച്ച് ആ തടവുകാരെ വധിക്കാനാണ് കല്പിച്ചിരിക്കുന്നതെന്ന് ധരിച്ചു. അങ്ങനെ അവർ എല്ലാ തടവുകാരേയും വധിച്ചു. മാലിക്കിനെ ഹദ്റത്ത് ളിറാർ ബിൻ അസ്‌വർ വധിച്ചു. മറ്റൊരു നിവേദനത്തിൽ പറയുന്നത് മാലിക്കിനെ അബ്ദ് ബിൻ അസ്‌വർ അസദി വധിച്ചുവെന്നാണ്. എന്നാൽ, കൽബി പറയുന്നത് ളിറാർ ബിൻ അസ്‌വർ തന്നെയാണ് അയാളെ വധിച്ചതെന്നാണ്. ഒച്ചയുംബഹളവും കേട്ട് ഹദ്റത്ത് ഖാലിദ് ബിൻ വലീദ് തന്റെ കൂടാരത്തിൽനിന്ന് പുറത്തു വന്നു. അപ്പോഴേക്കും സൈനികർ എല്ലാ തടവുകാരേയും വകവരുത്തിയിട്ടുണ്ടായിരുന്നു. ഇനി എന്താണ് ചെയ്യുക? അദ്ദേഹം പറഞ്ഞു: 'അല്ലാഹു എന്തൊന്നാണോ ആഗ്രഹിക്കുന്നത് അത് നടക്കുകതന്നെ ചെയ്യും.' *(താരീഖു ത്വബ്‌രി, വാള്യം 2, പേജ് 273-274, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

മറ്റൊരുനിവേദനത്തിൽ ഇങ്ങനേയുമുണ്ട്. മാലിക് ബിൻ നുവയ്റയെ തന്റെ അടുത്ത് ഹദ്റത്ത് ഖാലിദ് വിളിച്ചു. സജാഹിനോടൊപ്പം നില്ക്കുന്നതിനെയും സക്കാത്ത് വിലക്കുന്നതിനെയും സംബന്ധിച്ച് താക്കീതു നൽകിക്കൊണ്ട് പറഞ്ഞു: 'നമസ്കാരത്തിന്റെ പങ്കാളിയാണ് സക്കാത്ത് എന്ന് നിനക്കറിയില്ലേ? അതായത് അവ രണ്ടും ഒരേപോലെയുള്ള കല്പനകളാണ്. 'നീ സക്കാത്ത് കൊടുക്കുന്നത് നിരാകരിക്കുന്നു.' മാലിക്ക് പറഞ്ഞു: 'നിങ്ങളുടെ സുഹൃത്തിന്റേയും ധാരണ ഇതുതന്നെയായിരുന്നു.' അതായത് നബി^(സ) തിരുമേനി എന്ന് പറയുന്നതിനു പകരം 'സാഹിബ്' അഥവാ സുഹൃത്ത് എന്നാണ് പറഞ്ഞത്. ഹദ്റത്ത് ഖാലിദ് ചോദിച്ചു: 'അദ്ദേഹം ഞങ്ങളുടെ സാഹിബാണ്!നിങ്ങളുടെ സാഹിബല്ലേ? പിന്നീട്, 'ളിറാറേ! ഇവന്റെ തലകൊയ്യുക' എന്ന് കൽപിച്ചു. അങ്ങനെ അയാളെ വധിക്കുകയുണ്ടായി. അയാളുടെ മരണത്തെ സംബന്ധിച്ചുള്ള മറ്റൊരു നിവേദനമാണിത്. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദി സ്വലാബി മുത്തർജിം പേജ് 332, മക്തബത്തുൽഫുർഖാൻ മുള്ഫർ ഗഢ്, പാക്കിസ്താൻ)*

അയാൾ മരിച്ചതിന്റെ ഒരു നിവേദനമിതാണ്.

ചരിത്ര ഗ്രന്ഥങ്ങളിലെ നിവേദനങ്ങളനുസരിച്ച് ഈ വിഷയത്തിൽ ഖാലിദുമായി അബൂഖത്താദ സംസാരിക്കുകയുണ്ടായി. രണ്ടുപേർക്കുമിടയിൽ തർക്കവുമുണ്ടായി. അബൂഖത്താദ ഹദ്റത്ത് ഖാലിദുമായുള്ള അഭിപ്രായവ്യത്യാസത്തെ തുടർന്ന് സൈന്യത്തെ ഉപേക്ഷിച്ച് ഹദ്റത്ത് അബൂബക്റിന്റെ അടുത്തു പോകുകയും ചെയ്തു. എന്നിട്ട് ഹദ്റത്ത് അബൂബക്റിനോട് പരാതിപ്പെട്ടു: 'മാലിക് ബിൻ നുവയ്റയെ ഖാലിദ് കൊല്ലിച്ചിരിക്കുന്നു. അയാളാകട്ടെ മുസ്‌ലിമായിരുന്നു. പിന്നീട് അയാളുടെ ഭാര്യയെ വിവാഹം കഴിച്ചു. അറബികൾ യുദ്ധത്തിനിടയിൽ ഇങ്ങനെ വിവാഹം കഴിക്കുന്നത് നല്ലകാര്യമായി മനസ്സിലാക്കിയിരുന്നില്ല.' ഹദ്റത്ത് ഉമറും ഖത്താദയുടെ അഭിപ്രായത്തെ നല്ലതുപോലെ പിന്തുണച്ചു. *(താരീഖു ത്വബ്‌രി, വാള്യം 2, പേജ് 273-274, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ഹദ്റത്ത് അബൂഖത്താദയുടെ നിലപാടിൽ ഹദ്റത്ത് അബൂബക്ർ വളരെ ശക്തമായി പ്രതികരിച്ചു. സൈനിക നേതാവായ ഹദ്റത്ത് ഖാലിദിന്റെ അനുവാദം കൂടാതെ സൈന്യത്തെ ഉപേക്ഷിച്ച് എന്തിനാണ് മദീനയിൽ വന്നതെന്ന് അദ്ദേഹം ചോദിക്കുകയും ഖാലിദിന്റെ അടുത്ത് മടങ്ങിപ്പോകാൻ കല്പിക്കുകയും ചെയ്തു. അങ്ങനെ ഹദ്റത്ത് അബൂഖത്താദ^(റ) ഖാലിദിന്റെ അടുക്കൽ മടങ്ങിപ്പോയി. *(താരീഖു ത്വബ്‌രി, വാള്യം 2, പേജ് 273, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

താരീഖ് ത്വബരിയിൽ ഇതേ കുറിച്ച് കൂടുതൽ വിശദീകരണം ഇങ്ങനെ കാണാം. ഹദ്റത്ത് ഉമർ^(റ) ഹദ്റത്ത് അബൂബക്റിന്റെ സവിധത്തിലെത്തി പറഞ്ഞു: 'ഖാലിദ് ഒരു മുസ്‌ലിമിന്റെ രക്തത്തിന്റെ ഉത്തരവാദിയാണ്. ഇത് തെളിയിക്കപ്പെടുന്നില്ലെങ്കിൽപോലും അദ്ദേഹത്തെ തടവിലാക്കാൻ മതിയായ കാരണമുണ്ട്. വധം എന്തായാലും നടന്നിട്ടുണ്ട്. ഹദ്റത്ത് ഉമർ ഒരുപാട് നിർബന്ധിച്ചു. ഹദ്റത്ത് അബൂബക്ർ^(റ) തന്റെ പ്രവർത്തകരെയും സൈനിക നേതാക്കളെയും ഒരിക്കലും തടവുകാരാക്കിയിരുന്നില്ല. അതുകൊണ്ട് അദ്ദേഹം പറഞ്ഞു: 'ഉമറേ!ഇക്കാര്യത്തിൽ മൗനം പാലിക്കുക. ഖാലിദ് ബിൻ വലീദിൽനിന്ന് ഗവേഷണപരമായ തെറ്റുണ്ടായിട്ടുണ്ട്. താങ്കൾ അദ്ദേഹത്തെ കുറിച്ച് ഒന്നും പറയരുത്. ഹദ്റത്ത് അബൂബക്ർ^(റ) മാലിക്കിന്റെ രക്തപരിഹാരധനം നൽകി. ഹദ്റത്ത് അബൂബക്ർ കത്തെഴുതി ഖാലിദിനോട് തിരികെ വരാൻ കല്പിച്ചു. അദ്ദേഹം വരികയും എല്ലാ കാര്യങ്ങളും വിശദീകരിക്കുകയും ചെയ്തു കൊണ്ട് ക്ഷമാപണം നടത്തി. ഹദ്റത്ത് അബൂബക്ർ^(റ) അദ്ദേഹത്തിന്റെ ക്ഷമാപണം സ്വീകരിച്ചു. *(താരീഖു ത്വബ്‌രി, വാള്യം 2, പേജ് 273, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

ഒരു നിവേദനത്തിൽ ഹദ്റത്ത് ഖാലിദ്^(റ) മദീനയിൽ വന്ന കാര്യം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ഹദ്റത്ത് ഖാലിദ്^(റ) സൈനിക നീക്കത്തിൽനിന്നുമാറി തിരിച്ച് മദീനയിൽ വന്നു. അദ്ദേഹം മസ്ജിദ് നബ്‌വിയിൽ എത്തിയപ്പോൾ ഉമർ^(റ) പറഞ്ഞു: 'താങ്കൾ ഒരു മുസ്‌ലിമിനെ വധിക്കുകയും പിന്നെ അദ്ദേഹത്തിന്റെ ഭാര്യയെ സ്വന്തമാക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവാണ! ഞാൻ താങ്കളെ കല്ലെറിഞ്ഞു കൊല്ലുന്നതാണ്.' ഖാലിദ് ആ സമയത്ത് ഒരക്ഷരം പോലും മിണ്ടിയില്ല. അദ്ദേഹം മനസ്സിലാക്കിയത് ഹദ്റത്ത് അബൂബക്റിനും^(റ) അതെ ധാരണയാണ് എന്നായിരുന്നു. അദ്ദേഹം ഹദ്റത്ത് അബൂബക്റിന്റെ സവിധത്തിലെത്തി എല്ലാ കാര്യങ്ങളും പറയുകയും ക്ഷമ യാചിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്ർ^(റ) അദ്ദേഹത്തിന്റെ ക്ഷമാപണം സ്വീകരിച്ചു. ഹദ്റത്ത് അബൂബക്റിന്റെ സന്തോഷം ലഭിച്ചപ്പോൾ അദ്ദേഹം അവിടെ നിന്നു വന്നു. ഹദ്റത്ത് ഉമർ മസ്ജിദിൽ ഇരിക്കുകയായിരുന്നു. ഖാലിദ് അദ്ദേഹത്തോടു പറഞ്ഞു: 'അല്ലയോ ഉമ്മു ശംലയുടെ മകനേ! എന്റെ അടുത്തു വരൂ, എന്താണ് താങ്കൾ പറയുന്നത്?' ഹദ്റത്ത് അബൂബക്ർ

അദ്ദേഹത്തിൽ തൃപതനാണെന്നു ഹദ്റത്ത് ഉമർ മനസ്സിലാക്കി. അതാണ് ഹദ്റത്ത് ഖാലിദ് ഇങ്ങനെ പറഞ്ഞുകൊണ്ട് പോകുന്നത്! ഹദ്റത്ത് ഉമർ(റ) ഒന്നും പറയാതെ എഴുന്നേറ്റ് വീട്ടിലേക്കു പോയി. ഖാലിദിനോട് ഒന്നും തന്നെ സംസാരിച്ചില്ല. *(താരീഖു ത്വബ്‌രി, വാല്യം 2, പേജ് 274, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

മറ്റൊരു നിവേദനത്തിൽ പറയുന്നു: മാലിക്കിന്റെ സഹോദരൻ മുത്തിമിം ബിൻ നുവയ്റ ഹദ്റത്ത് അബൂബക്റിന്റെ അടുക്കൽ തന്റെ സഹോദരന്റെ പ്രതികാരം ചോദിക്കാനെത്തി. അയാൾ പറഞ്ഞു: 'ഞങ്ങളുടെ തടവുകാരെ വിട്ടയക്കണം.' ഹദ്റത്ത് അബൂബബക്ർ അയാളുടെ തടവുകാരെ വിട്ടയക്കാനുള്ള അപേക്ഷ സ്വീകരിച്ചു. കൽപന എഴുതി കൊടുക്കുകയും മാലിക്കിന്റെ രക്തപരിഹാരധനം കൊടുക്കുകയും ചെയ്തു. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അബൂബക്റിനോടു ഹദ്റത്ത് ഖാലിദിനെ സ്ഥാനഭ്രഷ്ടനാക്കണമെന്ന് ശക്തമായി ആവശ്യപ്പെട്ടു. അതായത് അദ്ദേഹത്തിന്റെ വാൾ നിഷ്കളങ്കനായ മുസ്‌ലിമിന്റെ രക്തം ചിന്തിയിരിക്കുന്നു. പക്ഷേ, ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'ഉമറേ! അല്ലാഹു കാഫിരീങ്ങൾക്കെതിരിൽ ഉറയിൽനിന്ന് പുറത്തെടുത്ത ആ വാളിനെ ഞാൻ ഉറയിൽ വെക്കുന്നതല്ല.' *(താരീഖു ത്വബ്‌രി, വാല്യം 2, പേജ് 273, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

ഹദ്റത്ത് അബൂബക്ർ രക്തപരിഹാരധനം കൊടുത്തുകൊണ്ട് ശരീഅത്ത് അനുസരിച്ച് നീതി നടപ്പാക്കി. കൂടുതൽ നടപടികൾ ആവശ്യമുണ്ടായിരുന്നില്ല. അതുകൊണ്ട് ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'ഈ വിഷയം ഇവിടെ അവസാനിപ്പിക്കുക.'

ഇതിനെക്കുറിച്ച് ശാഹ് അബ്ദുൽ അസീസ് തന്റെ ഗ്രന്ഥമായ തുഹ്ഫ ഇഥ്നാ അശ്‌രിയഃയിൽ മാലിക് ബിൻ നുവയ്റയുടെ സംഭവവും അയാളെ വധിച്ചത് സംബന്ധിച്ച ആക്ഷേപത്തിന് മറുപടിയും നൽകിക്കൊണ്ട് എഴുതുന്നു: 'വാസ്തവത്തിൽ സംഭവിച്ച കാര്യങ്ങളുടെ യഥാർഥ വിശദീകരണം നൽകപ്പെട്ടിട്ടില്ല. കാര്യങ്ങളുടെ യാഥാർഥ്യം അറിയാതെ ആക്ഷേപം ഉന്നയിക്കുന്നത് ശരിയല്ല. പ്രാമാണിക ചരിത്ര പുസ്തകങ്ങളിൽ ഈ സംഭവത്തിന്റെ വിശദീകരണം ഇപ്രകാരമാണ്. നുബുവ്വത്ത് വാദിയായ ത്വുലയ്ഹ ബിൻ ഖുവയ്‌ലിദ് അസദിയെ നേരിട്ടശേഷം ഹദ്റത്ത് ഖാലിദ് നവാഹ് ബുത്വാഹിലേക്ക് തിരിച്ചു. അതിന്റെ നാലുഭാഗത്തേക്കും സൈനിക സംഘങ്ങളെയും അയച്ചു. നബി(സ) തിരുമേനിയുടെ നിർദേശവും രീതിയുമനുസരിച്ച് അവരോടു പറഞ്ഞു: 'ഏത് ഗോത്രത്തെയും സമൂഹത്തെയും നേരിടുന്നതിനുമുമ്പേ നിങ്ങൾ ബാങ്കുവിളി കേൾക്കുന്നുവെങ്കിൽ അവിടെ യുദ്ധം ചെയ്യരുത്. ബാങ്കുവിളി കേൾക്കുന്നില്ലെങ്കിൽ ആ സ്ഥലത്തെ 'ദാറുൽ ഹറബ്' രണാങ്കണമാണെന്ന് പ്രഖ്യാപിച്ച് ശക്തമായ സൈനിക നീക്കം നടത്തുക. യാദൃച്ഛികമെന്നു പറയട്ടെ ആ സൈനിക സംഘത്തിൽ അബൂഖത്താദ അൻസ്വാരിയുമുണ്ടായിരുന്നു. അദ്ദേഹമാണ് മാലിക് ബിൻ നുവയ്റയെ പിടിച്ച് ഹദ്റത്ത് ഖാലിദിന്റെ അടുക്കലെത്തിച്ചത്. അയാൾക്ക് നബി(സ)തിരുമേനി ബുത്വാഹിന്റെ നേതൃത്വം കൊടുത്തിട്ടുണ്ടായിരുന്നു. അതിനു ചുറ്റുപാടുമുള്ള സ്ഥലങ്ങളിൽനിന്ന് സ്വദഖകൾ പിരിക്കാനുള്ള ചുമതലയും നൽകിയിരുന്നു. അബൂഖത്താദ അവരുടെ ഭാഗത്തുനിന്ന് ബാങ്കുവിളി കേട്ടതായി സാക്ഷ്യം നൽകുന്നുണ്ട്. എന്നാൽ, അതെ സംഘത്തിൽപെട്ട കുറച്ചാളുകൾ പറഞ്ഞത് തങ്ങൾ ബാങ്കുവിളി കേട്ടിട്ടില്ലെന്നാണ്. പക്ഷേ, വിശ്വാസയോഗ്യമായ തെളിവുകൾ മുഖേന അതിനു മുമ്പേ വ്യക്തമായത് നബി(സ)തിരുമേനിയുടെ വിയോഗ വാർത്ത കേട്ടപ്പോൾ മാലിക് ബിൻ നുവയ്റയുടെ വീട്ടുകാർ സന്തോഷം പ്രകടിപ്പിച്ചുവെന്നാണ്. സ്ത്രീകൾ കൈകളിൽ മൈലാഞ്ചി ഇടുകയും ദഫ് മുട്ടുകയും ചെയ്തു. നല്ലതുപോലെ സന്തോഷം പ്രകടിപ്പിച്ചു. മുസ്‌ലിമീങ്ങളുടെ ആ സന്നിഗ്ദ്ധാവസ്ഥയിൽ അവർ സന്തോഷഭരിതരായി. മറ്റൊരു കാര്യം പറയുന്നത്, മാലിക് ബിൻ നുവയ്റയുമായുള്ള ചോദ്യോത്തരത്തിനിടയിൽ നബി(സ)തിരുമേനിയെ സംബന്ധിച്ച് അയാളുടെ നാവിൽനിന്ന് കാഫിരീങ്ങളും മുർതദ്ദീങ്ങളും തങ്ങളുടെ സംസാരത്തിൽ പതിവായി ഉപയോഗിച്ചിരുന്ന വാക്കുകൾ വരികയുണ്ടായി. അതായത് ഖാല റജുലുക്കും ഔ സാഹിബുക്കും അതായത് നിങ്ങളുടെ ആൾ അല്ലെങ്കിൽ നിങ്ങളുടെ കൂട്ടുകാരൻ ഇങ്ങനെ പറഞ്ഞുവെന്ന്! കൂടാതെ മറ്റൊരു കാര്യം കൂടി തെളിഞ്ഞിട്ടുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ വിയോഗ വാർത്ത അറിഞ്ഞപ്പോൾ മാലിക് ബിൻ നുവയ്റ അതുവരെ സ്വരുക്കൂട്ടിയിരുന്ന സ്വദഖകൾ തന്റെ ഗോത്രത്തിനു തിരിച്ച് നൽകിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: 'അയാളുടെ മരണത്തോടുകൂടി നിങ്ങൾ ഒരു മുസീബത്തിൽ നിന്ന് രക്ഷപ്പെട്ടിരിക്കുന്നു.' ഈ അവസ്ഥകളും തന്റെ മുന്നിൽ പ്രകടിപ്പിച്ച സംസാര രീതിയും കണ്ടപ്പോൾ അയാൾ മുർതദ്ദായി എന്ന് ഖാലിദിന് ഉറപ്പായി. അദ്ദേഹം അയാളെ വധിക്കാൻ കൽപിച്ചു. മദീനയിൽ ഈ സംഭവത്തെ കുറിച്ച് അറിയിപ്പുകിട്ടി. അബൂഖത്താദയും അദ്ദേഹത്തോടു നീരസം പ്രകടിപ്പിച്ച് തലസ്ഥാനത്ത് എത്തിച്ചേർന്നു. ഹദ്റത്ത് ഖാലിദ് തെറ്റുകാരനാണെന്ന് സമർഥിക്കുകയുണ്ടായി. അനാവശ്യമായി രക്തം ചിന്തിയെന്നും രക്തപരിഹാരധനം കൊടുക്കണമെന്നും തന്നെയായിരുന്നു ഹദ്റത്ത് ഉമർ ഫാറൂഖിന്റേയും നിലപാട്. എന്നാൽ, ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് ഖാലിദിനെ വിളിച്ചു വരുത്തി കാര്യങ്ങൾ വിശദമായി അന്വേഷിച്ച് അറിയുകയുണ്ടായി. അവസ്ഥകളുടെയും സംഭവങ്ങളുടെയും യാഥാർഥ്യം അദ്ദേഹത്തിന് മനസ്സിലായി. അപ്പോൾ അദ്ദേഹം ഹദ്റത്ത് ഖാലിദ് നിരപരാധിയാണെന്നു പ്രഖ്യാപിക്കുകയും അദ്ദേഹത്തെ വിടുകയും ചെയ്തു. അദ്ദേഹത്തെ തന്റെ അതെ സ്ഥാനത്തുതന്നെ നിലനിറുത്തുകയും ചെയ്തു. *(തുഹ്ഫയെ ഇഥ്നാ അശ്‌രിയഃ ഉർദു, പേജ് 517-518, മുത്തർജിം ഖലീലുർറഹ്മാൻ നുഅ്മാനീ, ദാറുൽഇശാഅത്ത് കറാച്ചി 1982)*

മാലിക് ബിൻ നുവയ്റയുടെ വധത്തെ സംബന്ധിച്ച് മറ്റൊരു ഗ്രന്ഥകാരൻ എഴുതുന്നു: 'മാലിക് ബിൻ നുവയ്റയെ കുറിച്ചുള്ള നിവേദനങ്ങളിൽ വളരെയേറെ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. അയാളെ സംബന്ധിച്ചുള്ള നിവേദനങ്ങളിൽ, അയാൾ നിരപരാധിയായ നിലയിലാണോ വധിക്കപ്പെട്ടത് അതല്ല വധാർഹനാണോ എന്നതിനെ സംബന്ധിച്ച് ഒരുപാട് അഭിപ്രായ വ്യത്യാസങ്ങളാണ് കാണുന്നത്.

മാലിക് ബിൻ നുവയ്റയെ നശിപ്പിച്ചത് അയാളുടെ അഹങ്കാരവും ഗർവ്വും നിഷേധവുമാണ്. ജാഹിലിയ്യത്ത് അയാൾക്കുള്ളിൽ ബാക്കിയുണ്ടായിരുന്നു. അല്ലെങ്കിൽ നബി(സ)തിരുമേനിക്കു ശേഷം റസൂലിന്റെ ഖലീഫയെ അനുസരിക്കാനും ബയ്ത്തുൽമാലിന്റെ അവകാശമായ സക്കാത്ത് കൊടുക്കുന്നതിലും ഒഴികഴിവ് പറയുമായിരുന്നില്ല.' അദ്ദേഹം എഴുതുന്നു: 'എന്റെ വീക്ഷണത്തിൽ ഈ വ്യക്തി നേതൃത്വവും നായകത്വവും ആഗ്രഹിച്ചിരുന്ന ആളാണ്. അതോടൊപ്പംതന്നെ തമീം ഗോത്രത്തിന്റെ നേതാക്കളുമായും അവരുടെ ചില ബന്ധുക്കളുമായും അസ്വാരസ്യവുമുണ്ടായിരുന്നു. അവർ ഇസ്‌ലാമിക ഖിലാഫത്തിനോട് അനുസരണമുള്ളവരായിരുന്നു. ഭരണപരമായ കാര്യത്തിൽ നൽകാനുള്ളതെല്ലാം നല്കുന്നവരുമായിരുന്നു. ഖിലാഫത്തിന്റെ അനു

ശേഷം പേജ് 7 ൽ

**• കലാമുൽ ഇമാം •**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

*(മൽഫൂദാത്ത് വാല്യം 1, പേജ് 220)*

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

*(മൽഫൂദാത്ത് വാല്യം 3, പേജ് 38)*

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാല്യം 7 ലക്കം 23 പേജ് 12, കോളം 2-ൽനിന്ന്)

ഇത്തരം അധ്യാപനം പാശ്ചാത്യ സംസ്കാരത്തിന് എങ്ങനെ ഭീഷണിയാകുമെന്ന് ഞാൻ വീണ്ടും ചോദിക്കുന്നകയാണ്. അതിനാൽ ഇസ്ലാമിനും മുസ്ലിമീങ്ങൾക്കും ലോകത്തിന്റെ ഈ ഭൂഭാഗത്ത് ഒരു ഇടവുമില്ലെന്ന വാദഗതി എന്റെ വിചാരധാരയിൽ നിഷ്പ്രയോജനമാണ്. മുസ്ലിമീങ്ങൾ ഈ സമൂഹത്തിന്റെ ഭാഗമാകുന്നതിനും അയൽവാസികളുടെ അവകാശങ്ങൾ നിർവഹിക്കുന്നതിനും രാഷ്ട്രത്തിന്റേയും സമൂഹത്തിന്റേയും ശ്രേയസ്സിനും പുരോഗതിക്കുംവേണ്ടി ശ്രമിക്കാനുള്ള നിശ്ചയത്തോടെ ഇവിടെ വന്നാൽ അത് അപലപിക്കേണ്ട കാര്യമല്ല, മറിച്ച് തികച്ചും സ്തുത്യർഹമായ കാര്യമാണ്.

മുസ്ലിമീങ്ങൾക്ക് ജിഹാദ് ചെയ്യാനുള്ള കൽപനയുണ്ടെന്നും അതിനാൽ അവർ പാശ്ചാത്യ ലോകത്ത് തീവ്രവാദ യുദ്ധങ്ങൾ നടത്തുമെന്നും ഇസ്ലാമിക സംസ്കാരത്തെ അടിച്ചേല്പിച്ചുകൊണ്ട് സമൂഹത്തിന്റെ സമാധാനവും ശാന്തതയും നശിപ്പിക്കുമെന്നും ചിലർ വിചാരിക്കുന്നു. ജിഹാദിനെ കുറിച്ചുള്ള അധ്യാപനവും ഇസ്ലാമിൽ ചെയ്യപ്പെട്ട ആരംഭകാല യുദ്ധങ്ങളെ കുറിച്ചുള്ള ശക്തമായ തെറ്റുധാരണകളിലും അധിഷ്ഠിതമാണ് ഈ വിചാരധാര. യഥാർഥത്തിൽ ഇസ്ലാം രക്തപങ്കിലമോ തീവ്രവാദത്തിലോ അധിഷ്ഠിതമായ മതമല്ല.

ഒരിക്കൽ ഒരു ശിഷ്യൻ നബി(സ)തിരുമേനിയോട് ഇസ്ലാമിക സൈന്യത്തിൽ ചേർന്ന് ജിഹാദ് ചെയ്യാനുള്ള അനുമതി തേടി. ദുർബലരായ മാതാപിതാക്കൾ അദ്ദേഹത്തിനുണ്ട് എന്ന അടിസ്ഥാനത്തിൽ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ ആവശ്യം നിരാകരിച്ചു. വീട്ടിൽനിന്നുകൊണ്ട് മാതാപിതാക്കളെ പരിചരിക്കാനും ഇതുതന്നെയും ജിഹാദാണെന്നും അദ്ദേഹത്തോട് വിധിക്കുകയും ചെയ്തു. ജിഹാദിന്റെ ഉദ്ദേശ്യം ഏറ്റുമുട്ടലും രക്തംചിന്തലും മാത്രമായിരുന്നെങ്കിൽ ഇസ്ലാംമത സ്ഥാപകർ ശിഷ്യന്റെ ആവശ്യം സ്വീകരിച്ചുകൊണ്ട് മുസ്ലിം സൈന്യത്തെ ശക്തിപ്പെടുത്തലിന് പ്രാധാന്യം കൊടുക്കുമായിരുന്നു.

ഇവിടെ അനിവാര്യമായും വിശദമാക്കേണ്ട ഒരു കാര്യമുണ്ട്. ഇസ്ലാമിന്റെ ആരംഭകാലഘട്ടത്തിൽ നടന്ന യുദ്ധങ്ങളുടെ ലക്ഷ്യം അധികാരം പിടിക്കലോ അക്രമമോ നിർബന്ധിച്ച് ഇസ്ലാമിലേക്ക് ആളെ ചേർക്കലോ ആയിരുന്നില്ല. മത സംരക്ഷണവും അതിന്റെ സ്വാതന്ത്ര്യവും സ്ഥാപിക്കലായിരുന്നു ലക്ഷ്യം.

വിശുദ്ധ ഖുർആനിലെ 22-ാം അധ്യായം 40, 41 വചനങ്ങളിൽ അല്ലാഹു പറയുന്നു: മതതീവ്രവാദം തടുക്കപ്പെടാതിരുന്നാൽ കലീസകളും അമ്പലങ്ങളും പള്ളികളും ഇതര ആരാധനാലയങ്ങളും ശക്തമായ അപകട ഭീഷണി നേരിടുമായിരുന്നു. മക്കാ നിഷേധികളുടെ ലക്ഷ്യവും ഇതു തന്നെയായിരുന്നു. മതത്തിന്റെ എല്ലാ ചിഹ്നങ്ങളും നാമാവിശേഷമാകുമായിരുന്നു. ഇസ്ലാം എല്ലാ മതത്തിന്റേയും സംരക്ഷണത്തിനുള്ള ജാമ്യമാണെന്നതിന് തെളിവാണിത്.

കുട്ടികളുടെ സംരക്ഷണത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആനിലെ ആറാം അധ്യായം 152-ാം വചനത്തിൽ അല്ലാഹു പറയുന്നു:മുസ്ലിമീങ്ങൾ മക്കളെ കൊലപ്പെടുത്തരുത്. ഇവിടെ മക്കളോടു കൂറും സ്നേഹവും പുലർത്താനുള്ള കല്പനയാണുള്ളത്. അവർക്ക് വിദ്യാഭ്യാസം നല്കാനും സംസ്കരിക്കാനുമാണ് കല്പിക്കുന്നത്. അതുമുഖേന വലുതാകുമ്പോൾ പ്രാപ്തിയുള്ള വ്യക്തികളും സൽപ്രകൃതക്കാരുമായി അവർ മാറും. രാഷ്ട്രത്തിനും ജനതക്കും ശേഷിപ്പുകളാകും.

മുസ്ലിമീങ്ങളും സമൂഹത്തിലെ ദുർബലരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നവരാകണമെന്ന് ഇസ്ലാം കല്പിക്കുന്നു. ഉദാഹരണമായി വിശുദ്ധ ഖുർആനിലെ നാലാം അധ്യായത്തിലെ ഏഴാം വചനത്തിൽ അനാഥകുട്ടികൾ അന്യാധീനപ്പെട്ടുപോകുന്നതിനെ തടുക്കണമെന്ന് കല്പിക്കുന്നു. അവരെ ആദരിക്കാനും സ്വന്തം കാര്യങ്ങൾ സ്വയം പരിപാലിക്കുന്നതിന് പ്രാപ്തമാകുന്ന പ്രായംവരെ അവരുടെ അനന്തരാവകാശങ്ങൾ സംരക്ഷിക്കാനും താക്കീതു ചെയ്യുന്നു.

ഇസ്ലാമിന്റെമേൽ പാശ്ചാത്യ ലോകത്ത് ഉയർന്നു നില്ക്കുന്ന മറ്റൊരു ആക്ഷേപം മുസ്ലിം സ്ത്രീകൾക്കും അവരുടെ അവകാശങ്ങൾക്കും ഒരുസ്ഥാനവും ഇല്ലെന്നതാണ്. ആദ്യമായി ഞാൻ വിശദമാക്കാനാഗ്രഹിക്കുന്നത് ഇസ്ലാം തന്നെയാണ് ആദ്യമായി സ്ത്രീകൾക്ക് അനന്തരാവകാശത്തിന് അർഹത നല്കിയതെന്നാണ്. അവർക്ക് വേർപിരിയാനുള്ള അവകാശവും നല്കി. ഇതര അവകാശങ്ങൾ സംരക്ഷിച്ചു. ഇതോടൊപ്പം സ്ത്രീവിദ്യാഭ്യാസത്തിനും അവർക്ക് വ്യക്തിഗതമായി പുരോഗതിയും ക്ഷേമവും ആർജ്ജിക്കാനുള്ള അവസരങ്ങളും ഒരുക്കി കൊടുക്കാനും ശക്തമത്തായി ഇസ്ലാം ആഹ്വാനം ചെയ്യുന്നു.

"മാതാവിന്റെ കാല്ക്കീഴിലാണ് സ്വർഗം" എന്ന ഇസ്ലാംമത സ്ഥാപകരുടെ ഒരു പ്രസിദ്ധ വാക്യമുണ്ട്. ഈ പദങ്ങൾ സമൂഹത്തിൽ സ്ത്രീയ്ക്കുള്ള മഹനീയ പദവിയേയും തികച്ചും മാതൃകാപരവും നിസ്തുലവുമായ സ്ഥാനത്തേയും വെളിപ്പെടുത്തുന്നതുമാണ്.സ്വന്തം സമൂഹത്തെ സ്വർഗീയ സമാനമാക്കാനുള്ള ശക്തിയും ശേഷിയും മാതാക്കൾക്ക് മാത്രമാണുള്ളത്. സ്വന്തം മക്കൾക്ക് സ്ഥായിയായ സ്വർഗീയ വാതിലുകൾ തുറക്കാൻ അവർക്കു മാത്രമേ കഴിയുകയുള്ളൂ.

വിശുദ്ധ ഖുർആനിലെ നാലാം അധ്യായം 20-ാം വചനത്തിൽ മുസ്ലിം പുരുഷന്മാർക്ക് നല്കപ്പെട്ടിട്ടുള്ള കല്പന "ഭാര്യമാരോട് സ്നേഹാദരവോടെ പെരുമാറുക" എന്നതാണ്. വീടുകളിൽ നടക്കുന്ന ദ്രോഹപ്രവർത്തനങ്ങളിൽ പോലീസിനും നീതിപീഠത്തിനും ഇടപെടേണ്ടി വരുന്ന വാർത്തകളില്ലാത്ത ഒരു ദിവസംപോലും പാശ്ചാത്യ രാജ്യങ്ങളിൽ കടന്നു പോകാറില്ല. വിവിധ പരിശോധനകളിൽനിന്നും റിപ്പോർട്ടുകളിൽനിന്നും വിശിഷ്യാ 2018-ൽ പ്രസിദ്ധീകരിച്ച ബ്രിട്ടനിലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് ഇതുമായി ബന്ധപ്പെട്ട അക്രമങ്ങൾ ഏതെങ്കിലും മതവുമായി പ്രത്യേക ബന്ധമല്ലിത്തതാണെന്ന് സ്ഥാപിതമാകുന്നു. ജർമനിയും ഇത്തരത്തിലുള്ള സംഭവങ്ങളിൽനിന്ന് വ്യത്യസ്തമല്ലെന്ന് മറ്റൊരു സമീപകാല റിപ്പോർട്ടിൽനിന്നു സ്ഥാപിതമാകുന്നുണ്ട്. അതുകൊണ്ട് ഇസ്ലാമിനെ സ്ത്രീവിരുദ്ധമതമെന്ന് വിലയിരുത്തുന്നത് തികച്ചും അന്യായമാണ്.

ഇതര മതാനുയായികളുടെ വിശ്വാസങ്ങളേയും മതപരമായ വികാരങ്ങളേയും ആദരിക്കാനും ഇസ്ലാം അതിന്റെ അനുയായികളോടു നിർദ്ദേശിക്കുന്നു. ഈ അധ്യാപനത്തിന് മദീനാകരാർ വ്യക്തമായ തെളിവാണ്. ഇതിലാണ് തൗറാത്ത് യഹൂദരുടെ മതഗ്രന്ഥമായി അംഗീകരിക്കപ്പെട്ടത്.

ശത്രുക്കളുടേയും എതിരാളികളുടേയും അവകാശങ്ങളും സംരക്ഷിക്കാൻ ഇസ്ലാം പഠിപ്പിക്കുന്നു. രണ്ടാം അധ്യായത്തിലെ 191-ാം വചനത്തിൽ യുദ്ധസാഹചര്യത്തിലും എതിരാളികളോട് അതിക്രമം കാണിക്കുന്നത് തടയുന്നു. മുമ്പെന്നത്തേക്കാളും കൂടുതൽ സംസ്കാര സമ്പന്നരാണെന്ന് അവകാശപ്പെടുന്ന വർത്തമാന കാല വ്യക്തിത്വങ്ങളും സമൂഹങ്ങളും എതിരാളികളുടെ അവകാശങ്ങൾ ചവിട്ടിമെതിച്ചുകൊണ്ട് അതികഠിനമായ അക്രമങ്ങളാണ് നടത്തി വരുന്നതെന്നത് വളരെ കഷ്ടമാണ്. പ്രതികാരം ചെയ്യാനുള്ള ഒരു അവസരവും ഇവർപാഴാക്കുന്നില്ല.

ഏതെങ്കിലും സമുദായത്തിന് നിങ്ങളോടുള്ള വിരോധം അവരോട് നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ എന്ന് വിശുദ്ധ ഖുർആനിലെ അഞ്ചാം അധ്യായം 9-ാം വചനം നിഷ്കർഷിക്കുന്നു. എന്നു മാത്രമല്ല, ഏതു സാഹചര്യത്തിലും നീതിയുടെ മൂലതത്ത്വങ്ങളിൽ ഉറച്ചു നിൽക്കാൻ ഇസ്ലാം കല്പിക്കുന്നു. പ്രതികാരദാഹം ഒരിക്കലും ആധിപത്യം പുലർത്തരുതെന്നും അത് താക്കീതു ചെയ്യുന്നു.

ഈ അധ്യാപനത്തിന്റെ ഭാഗമായി നബി(സ)തിരുമേനി മക്കാ വിജയാവസരത്തിൽ കാരുണ്യത്തിന്റേയും വിട്ടുവീഴ്ചയുടേയും നിസ്തുല പെരുമാറ്റത്തിന്റെ ഉന്നത മാതൃകയാണ് പ്രകടിപ്പിച്ചത്. മക്കയിൽ മുസ്ലിമീങ്ങളുടെമേൽ കഷ്ടപ്പാടിന്റേയും വേദനയുടേയും പർവതങ്ങളെയാണ് തരണം ചെയ്യേണ്ടിവന്നത്. അവരുടെ ജീവിതങ്ങൾ പറിച്ചെടുക്കപ്പെട്ടു. കിടപ്പാടങ്ങൾ ഇല്ലാതായി. ഏതു വരെയെന്നാൽ അവർക്ക് എല്ലാമുപേക്ഷിച്ച് നാടുവിടേണ്ടി വന്നു. എന്നാൽ, നബി(സ)തിരുമേനി വിജയശ്രീലാളിതനായി മക്കയിലേക്ക് മടങ്ങിയപ്പോൾ പട്ടണം മുഴുവനും അദ്ദേഹത്തിന്റെ കീഴിലായി. മുസ്ലിമീങ്ങളുടെമേൽ അതിക്രമം കാണിച്ചവരോട് ഒരുവിധ പ്രതികാരവും ചെയ്യുന്നതല്ലെന്ന് അദ്ദേഹം വിളംബരപ്പെടുത്തി. ഇസ്ലാമികാധ്യാപനങ്ങൾ അനുസരിച്ച് മുസ്ലിമീങ്ങളെ ദ്രോഹിച്ചവർക്ക് ഉടൻ

മാപ്പ് കൊടുക്കുന്നതായും ഇസ്‌ലാം സ്വീകരിച്ചാലുമില്ലെങ്കിലും ഒരു വ്യക്തിയോടും അന്യായം പ്രവർത്തിക്കരുതെന്നും നബി(സ)തിരുമേനി പ്രഖ്യാപിച്ചു.

സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ സഹായിക്കുന്നതുമായി ബന്ധപ്പെട്ട് ഇസ്‌ലാം മുഖേന നടന്ന മറ്റൊരു വിപ്ലമാണ് അടിമത്വ വ്യവസ്ഥക്കെതിരെ നടന്നത്. ഇസ്‌ലാം വരുന്നതിനു മുമ്പേ അനുവദനീയമായൊരു സാധാരണ കാര്യമായിട്ടാണ് ഇതു കരുതപ്പെട്ടിരുന്നത്. ഏതെങ്കിലും അടിമ സ്വതന്ത്രനാകണം എന്നാഗ്രഹിച്ചാൽ അദ്ദേഹത്തെ സ്വതന്ത്രനാക്കണമെന്ന് വിശുദ്ധ ഖുർആനിലെ 24-ാം അധ്യായം 34-ാം വചനം വ്യക്തമാക്കുന്നു. പകരമായി എന്തെങ്കിലും നഷ്ടപരിഹാരം നല്കൽ അനിവാര്യമാണെങ്കിൽ, അത് അടക്കാൻ പറ്റുന്ന വിധം തവണകളായോ അല്ലെങ്കിൽ മാപ്പു ചെയ്ത് കൊടുക്കുകയോ ചെയ്യാൻ അത് നിഷ്കർഷിക്കുന്നു.

ഇന്ന് പ്രത്യക്ഷ അടിമത്വ വ്യവസ്ഥിതി നിലനില്ക്കുന്നില്ലെങ്കിലും അതിന്റെ സ്ഥാനം സാമൂഹിക ഉപരോധങ്ങളുടേയും തടസ്സങ്ങളുടേയും രൂപത്തിൽ മാറിയിരിക്കുകയാണ്. ശക്തരും ദുർബലരുമായ സമൂഹങ്ങൾക്കിടയിലുള്ള ബന്ധം ഉടമയും അടിമയും തമ്മിലുള്ളതായി രൂപാന്തരം പ്രാപിച്ചിരിക്കുന്നു. ഉദാഹരണമായി, സമ്പന്ന രാജ്യങ്ങളുടെ ഭാഗത്തുനിന്നു ദരിദ്ര രാജ്യങ്ങൾക്ക് സഹായങ്ങളുടെ പേരിൽ നല്കപ്പെടുന്ന കടങ്ങൾ. നിബന്ധനകളെന്തായാലും ഇത് സ്വീകരിക്കാതെ ദരിദ്ര രാജ്യങ്ങളുടെ മുന്നിൽ മറ്റൊരു വഴിയും ഇല്ലാതാകുന്നു. തുടർന്ന് പലിശയുടെ അംഗവൈകല്യം വരുത്തുന്ന തോത് ചെറു കാലയളവിൽ വാങ്ങിയ കടങ്ങൾ ദീർഘകാലത്തേക്ക് മാറ്റപ്പെടുകയും കഷ്ടകാലങ്ങളുടെ ഞെരുക്കത്തിലേക്ക് രൂപാന്തരം പ്രാപിക്കുകയും ചെയ്യുന്നു. തൽഫലമായി, കടബാധ്യതയിൽ ഉഴലുന്ന രാജ്യത്തിന് ആധിപത്യം നേടിയ രാജ്യത്തിന്റെ മുമ്പിൽ കുനിയുകയല്ലാതെ മറ്റൊരു ഉപായവും ഉണ്ടാകുന്നില്ല. ഈ അടിമത്വം തികച്ചും അപരിഷ്കൃതമാണ്.

ഇസ്‌ലാമാണ് ആരംഭം മുതൽതന്നെ അമുസ്‌ലിമീങ്ങളുടെ അവകാശങ്ങൾ സ്ഥാപിച്ചതും സമൂഹത്തിൽ സമാധാനവും ഐക്യവും നിലനിറുത്താൻ മുസ്‌ലിമീങ്ങളെ ചിട്ടപ്പെടുത്തിയതും. ഉദാഹരണമായി, മുസ്‌ലിമീങ്ങൾ ബഹുദൈവ വിശ്വാസികളുടെ ബിംബങ്ങളെ കുറ്റം പറഞ്ഞുകൊണ്ട് അല്ലാഹുവിന്റെ അന്തസിനെ അപമാനിക്കാൻ ഇടനൽകരുതെന്ന് വിശുദ്ധ ഖുർആനിലെ ആറാം അധ്യായത്തിലെ 109-ാം വചനം കല്പിക്കുന്നു.

ഇസ്‌ലാം ഏതു വിധത്തിൽ മനുഷ്യകുലത്തിന്റെ അവകാശങ്ങൾ സ്ഥാപിച്ചിരിക്കുന്നുവെന്ന് തെളിയിക്കുന്ന ഏതാനും പോയന്റുകളാണ് ഈ ചുരുങ്ങിയ സമയത്തിൽ ഞാൻ വിശദീകരിച്ചത്. ഇസ്‌ലാം പാശ്ചാത്യ സംസ്കാരത്തിനോ നാഗരികതക്കോ അപകടമല്ലെന്ന കാര്യത്തിൽ ഞാൻ സമർപ്പിച്ച കാര്യങ്ങൾ നിങ്ങൾക്ക് തൃപ്തിയായി കാണുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഏതെങ്കിലും മുസ്‌ലിം അമുസ്‌ലിമീങ്ങളുടെ അവകാശങ്ങളെ ഹനിക്കുന്നുണ്ടെങ്കിൽ അവർ ഇസ്‌ലാമിക അധ്യാപനത്തിന് എതിരാണ് പ്രവർത്തിക്കുന്നത്. അല്ലെങ്കിൽ അവർ ഈ അധ്യാപനത്തെ കുറിച്ച് അജ്ഞരാണ്.

നാശത്തിന്റെ വായ്മുഖത്ത് നില്ക്കുന്ന ഒരു ലോകത്താണ് നമ്മൾ ജീവിക്കുന്നതെന്നതാണ് ചുരുക്കം. ഈ ചിത്രം കൂടുതൽ വഷളാകുമോ എന്ന ആശങ്കയുമുണ്ട്. സംസാരിക്കപ്പെടുന്ന കാര്യങ്ങൾക്ക് നീണ്ടകാല ഫലങ്ങളുണ്ടാകാൻ സാധ്യതയുണ്ടെന്ന കാര്യം മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. അതിനാൽ സംസ്കാരങ്ങൾ തമ്മിൽ ഏറ്റുമുട്ടുന്ന കാര്യങ്ങൾ സംസാരിക്കുന്നതിന്നും സമൂഹങ്ങൾക്കിടയിൽ അനാവശ്യമായി ഭീതി പടർത്തുന്നതിനും പകരം പരസ്പരം മതപരമായ അധ്യാപനങ്ങളുടെമേൽ ആക്ഷേപങ്ങൾ ഉന്നയിക്കുന്നതിൽനിന്നു വിട്ടു നില്ക്കുകയാണ് കരണീയമായിട്ടുള്ളത്. വിശ്വാസ പ്രഖ്യാപനത്തിന്മേൽ നിയന്ത്രണം വെക്കുന്നതിന്നുപകരം നാമെല്ലാവരും ഒരേ മനുഷ്യകുലത്തിന്റെ ഭാഗമാണെന്ന വിചാരം ഉണ്ടാകേണ്ടതാണ്. ലോകത്ത് ശ്വാശ്വത സമാധാനം സ്ഥാപിക്കാൻ സാധിക്കുന്നതിന് പര്യാപ്തമാകുന്ന വിധത്തിൽ വിവിധ വർണ്ണ വർഗ്ഗങ്ങളേയും മതങ്ങളേയും ആദരിച്ചുകൊണ്ട് ഐക്യം സ്ഥാപിക്കുന്നതിലേക്ക് നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

എന്നാൽ, ഇന്നത്തെ അവസ്ഥ നേരെ വിപരീതമായതാണ്. മുസ്‌ലിമീങ്ങളാകട്ടെ അമുസ്‌ലിമീങ്ങളാകട്ടെ ഓരോ ജനവിഭാഗവും സ്വന്തം താൽപര്യങ്ങൾക്ക് വിശാലമായ ആഗോള താൽപര്യങ്ങളേക്കാൾ പ്രാധാന്യം കൊടുക്കുന്നു. നീതിയുടേയും സൽസ്വഭാവങ്ങളുടേയും അതിർത്തികൾ അവർ ഭേദിച്ചുകൊണ്ട് സ്വാർഥ താൽപര്യങ്ങൾ നേടാൻ പണിപ്പെടുന്നു. കഴിഞ്ഞകാല ഇരുളടഞ്ഞ കാലഘട്ടങ്ങൾപോലെ ശത്രുപക്ഷ ഐക്യവും വർഗ്ഗീയ ചേരിതിരിവുകളും പൊന്തിവരുന്നു. ലോകം തന്റെ നാശത്തെ ക്ഷണിച്ചു വരുത്തുന്നതിന് തുനിഞ്ഞിറങ്ങിയിരിക്കുന്നുവെന്നാണ് മനസ്സിലാകുന്നത്.

ചർച്ച ചെയ്തുവന്ന നാഗരികതകളെ തകർക്കാൻ ശേഷിയുള്ള ന്യൂക്ലിയർ ആയുധങ്ങളും ഉപകരണങ്ങളും ഇന്ന് വിവിധ രാഷ്ട്രങ്ങൾ നേടിയിരിക്കുകയാണ്. ഈ ആയുധങ്ങൾ ഉപയോഗിക്കുക ഇല്ലെന്നോ തെറ്റായ കൈകളിൽ പോവുക ഇല്ലെന്നോ ആർക്ക് പറയാൻ സാധിക്കും. ന്യൂക്ലിയർ ആയുധങ്ങൾ എപ്പോഴെങ്കിലും ഉപയോഗിക്കുകയാണെങ്കിൽ അതിന്റെ ദുഷ്പ്രഭാവം കേവലം നമ്മളിൽ മാത്രം ഒതുങ്ങുന്നതായിരിക്കില്ല, മറിച്ച് നമ്മുടെ മക്കളും ഭാവി തലമുറകളും നമ്മുടെ തെറ്റുകളുടെ ദുഷ്ഫലം അനുഭവിക്കേണ്ടി വരും. പല തലമുറകൾവരെ ബുദ്ധിപരമായും ശാരീരികമായും മാന്ദ്യം സംഭവിച്ച മക്കൾ പിറന്നു കൊണ്ടേയിരിക്കും. അവരുടെ പ്രതീക്ഷകളും സ്വപ്നങ്ങളും തകിടം മറിയുന്നത് അവരുടെ പിഴവുകൾകൊണ്ട് ആയിരിക്കില്ല.

ഭാവി തലമുറകൾക്ക് ഇത്തരത്തിലുള്ള അനന്തരാവകാശമാണോ നമ്മൾ വിട്ടുംവെച്ച് പോകാൻ ആഗ്രഹിക്കേണ്ടത്? നിശ്ചയമായും അല്ല.

അതുകൊണ്ട് മതപരമോ, വർഗീയമായോ രാഷ്ട്രീയമായോ ഉള്ള വ്യത്യാസങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് വെറുപ്പിന്റെ തീജ്വാലകൾ ആളിക്കത്തിക്കുന്നതിനു പകരം കാലം അതിക്രമിക്കുന്നതിനു വളരെ മുമ്പേ നമുക്ക് സ്വന്തം പ്രവർത്തന രീതിയിൽ മാറ്റം വരുത്തേണ്ടി വരും.

വരിക! എല്ലാ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവെച്ചുകൊണ്ട് പ്രത്യക്ഷമായ ആദരവിന്റേയും സഹനത്തിന്റേയും സ്നേഹത്തിന്റേയും വികാരത്തോടെ ആഗോള സമാധാനത്തിന്റേയും മതസ്വാതന്ത്ര്യത്തിന്റേയും സ്ഥാപനത്തിനുവേണ്ടി ഒറ്റക്കെട്ടായിനിന്നു കൊണ്ട് പരിശ്രമിക്കാം. ഒരിക്കൽ കൂടി പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറയുകയാണ്. വളരെയധികം നന്ദി.

ഹുദൂറിനോടൊപ്പം അതിഥികളും അവരവരുടെ രീതിയിൽ പങ്കു ചേർന്നു. എല്ലാവരും ഹുദൂറിനോടൊപ്പം രാത്രിഭക്ഷണം കഴിച്ചു.

അതുകഴിഞ്ഞ് ഓരോരുത്തരായി ഹുദൂറിന്റെയടുക്കൽ വന്ന് ഹ്രസ്വമായ കൂടിക്കാഴ്ച നടത്തി സായൂജ്യരായി. ഹുദൂർ അതിഥികളോട് സംസാരിച്ചു. ചില അതിഥികൾ ഹുദൂറുമൊത്ത് ഇരിപ്പിടത്തിൽ ഇരിക്കുകയും നീണ്ടസമയം സംസാരിക്കുകയും ചെയ്തു. ഫോട്ടോയും എടുത്തു കൊണ്ടിരുന്നു. 9.45-ന് പരിപാടി സമാപിച്ചു.ഹുദൂർ ഹോട്ടലിൽ നിന്നു പുറത്തു വന്നു. തുടർന്ന് ബ്രാന്റൻ ബെർഗ് ഗേറ്റിന്റെ(Branden Burger Gate) മുമ്പിൽ പ്രാദേശിക ജമാഅത്തംഗങ്ങളും യാത്രാ സംഘം അംഗങ്ങളും ഹുദൂറുമൊത്ത് ഗ്രൂപ്പ് ഫോട്ടോ എടുത്ത് സായൂജ്യരായി. തുടർന്ന് ബെർലിനിലെ ഖദീജാ മോസ്കിലേക്ക് പുറപ്പെട്ട സംഘം 09.45 ന് അവിടെ എത്തി.10.15-ന് ഹുദൂർ മസ്ജിദ് ഖദീജയിൽ ളുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു.(തുടരും)

പേജ് 5 ൽ നിന്ന്

സരണത്തിൽ വരികയും സക്കാത്ത് കൊടുക്കുകയും ചെയ്തിരുന്നു. അവരുമായി അയാൾക്ക് നീരസമാണുണ്ടായിരുന്നത്. അയാളുടെ വാക്കുകളും പ്രവൃത്തികളും ഈ വീക്ഷണത്തെ ശരി വെക്കുന്നതാണ്. അയാൾ മുർതദ്ദായതും സജാഹിനോടൊപ്പം ചേർന്നതും സക്കാത്തിന്റെ ഒട്ടകങ്ങളെ തന്റെ ആളുകൾക്കിടയിൽ വീതം വെച്ചതും സക്കാത്ത് അബൂബക്റിന് കൊടുക്കാതിരുന്നതും തമർറുദിനേയും ഇസ്യാനേയും സംബന്ധിച്ച് തന്റെ മുസ്‌ലിമീങ്ങളായ കുടുംബക്കാരുടെ ഉപദേശം സ്വീകരിക്കാത്തതുമെല്ലാം തന്നെ അയാളുടെ കുറ്റങ്ങളെ സ്ഥാപിക്കുന്നു. ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് അയാൾ ഇസ്‌ലാമിനെക്കാളും കൂടുതൽ അവിശ്വാസത്തോടു അടുത്ത ആളായിരുന്നുവെന്നാണ്. ഒരു ഭാഗത്ത് അയാൾ മുസ്‌ലിം എന്ന് പറയപ്പെടാനും ആഗ്രഹിച്ചിരുന്നു. മറുഭാഗത്ത് അവിശ്വാസത്തിന്റെ സമീപസ്ഥനുമായിരുന്നു. മാലിക് ബിൻ നുവയ്റക്കെ തിരിൽ മറ്റൊരു തെളിവും ന്യായപൂർത്തിയായിട്ടില്ലെങ്കിൽ പോലും സക്കാത്ത് തടഞ്ഞു എന്നതുതന്നെഅയാൾ കുറ്റവാളിയാണെന്ന് തെളിയിക്കാൻ മതിയായതാണ്. ഇവിടെ വ്യക്തമാകുന്ന ഒരു സംഗതി അയാൾ സക്കാത്ത് കൊടുക്കാൻ വിസമ്മതിച്ചിരുന്നു എന്നാണ്.' ഇബ്നു അബ്ദുസലാമിന്റെ ഗ്രന്ഥമായ ത്വബഖാത്ത് ഫുഹൂലുശ്ശുഅറായിലുണ്ട്: സർവ്വാംഗീകൃതമായ കാര്യമെന്തെന്നാൽ

ഖാലിദ്, മാലിക്കുമായി സംസാരിക്കുകയും അയാളെ അയാളുടെ നിലപാടിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നുവെന്നാണ്. എന്നാൽ, മാലിക് നമസ്കാരം അംഗീകരിച്ചു. നമസ്കരിക്കുന്നതായിരിക്കും. പക്ഷേ, സക്കാത്തിൽനിന്നു മുഖം തിരിച്ചു. മുസ്‌ലിമിന്റെ ശറഹിൽ ഇമാം നവവി മുർതദ്ദീങ്ങളെ കുറിച്ച് പറയുന്നു: 'ഇതോടനുബന്ധിച്ച് സക്കാത്ത് അംഗീകരിച്ച ആളുകളുമുണ്ടായിരുന്നു. അവർ അത് കൊടുക്കുന്നതിൽ നിന്നു പിൻമാറിയില്ല. പക്ഷേ, അവരുടെ നേതാക്കന്മാർ അവരെ അതിൽ നിന്നു തടഞ്ഞു. ചിലയാളുകൾ ആഗ്രഹിച്ചത് സക്കാത്ത് കൊടുക്കണമെന്നാണ്. നമസ്കാരത്തോടൊപ്പം സക്കാത്ത് നിർബന്ധമാണെന്നു മനസ്സിലാക്കി. എന്നാൽ, നേതാക്കന്മാർ അവരെ തടയുകയാണുണ്ടായത്. അവരുടെ കൈകൾ പിടിച്ച് വെക്കുകയായിരുന്നു. യർബ്ബൂഊ് ഗോത്രത്തെപോലെ അവർ തങ്ങളുടെ സക്കാത്ത് സ്വരൂപിച്ച് അത് അബൂബക്റിന് അയക്കാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ, മാലിക്ക് ബിൻ നുവയ്റ അത് തടയുകയും അവരുടെ സക്കാത്ത് ജനങ്ങൾക്കിടയിൽ വിതരണം ചെയ്യുകയുമുണ്ടായി. ഹദ്റത്ത് അബൂബക്ർ(റ) മാലിക് ബിൻ നുവയ്റയുടെ കാര്യത്തിൽ നല്ലപോലെ അന്വേഷണം നടത്തുകയും ഖാലിദ് ബിൻ വലീദിനെ നുവയ്റയുടെ വധത്തെ സംബന്ധിച്ചുള്ള ആരോപണത്തിൽ നിന്നു മുക്തനാക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്ർ(റ) ഇത് സംബന്ധിച്ച് മറ്റുള്ളവരെക്കാൾ അധികം യാഥാർഥ്യങ്ങൾ മനസ്സിലാക്കിയിരുന്നു. വളരെ ആഴത്തിൽ കണ്ണോടിച്ചിരുന്നു. കാരണം അദ്ദേഹം ഖലീഫയായിരുന്നു. എല്ലാ വിവരങ്ങളും അദ്ദേഹത്തിന് കിട്ടിയിരുന്നു. അദ്ദേഹത്തിന്റെ ഈമാൻ എല്ലാവരേക്കാളും ശക്തവുമായിരുന്നു. ഖാലിദു മായുള്ള പെരുമാറ്റത്തിൽ അദ്ദേഹം നബി(സ) തിരുമേനിയെ പിൻപറ്റുകയാണ് ചെയ്തത്. നബി(സ)തിരുമേനി ഖാലിദിന് എന്തെങ്കിലും ഉത്തരവാദിത്വം നൽകുകയും പിന്നെ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തിട്ടില്ല. അതെസമയം ചില കാര്യങ്ങളിൽ അദ്ദേഹത്തിൽ നിന്ന് സംഭവിച്ചതിൽ നബി(സ)തിരുമേനി തൃപ്തനുമായിരുന്നില്ല. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ ഒഴികഴിവ് സ്വീകരിച്ചിരുന്നു. നബി(സ)തിരുമേനി ജനങ്ങളോടു പറഞ്ഞു: 'ഖാലിദിനെ ബുദ്ധിമുട്ടിക്കരുത്. അദ്ദേഹം അല്ലാഹുവിന്റെ വാളുകളിൽ ഒരു വാളാകുന്നു. അല്ലാഹു അതിനെ കാഫിരീങ്ങളുടെമേൽ സ്ഥാപിച്ചിരിക്കുന്നു.' *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദി സ്വലാബി മുത്തർറജിം പേജ് 333-334,337, മക്തബത്തുൽഫുർഖാൻ മുള്ഫർ ഗഢ്, പാക്കിസ്താൻ)*

ഇത് സംബന്ധിച്ചുള്ള മറ്റൊരു ആരോപണം ഹദ്റത്ത് ഖാലിദ്(റ), ഉമ്മുതമീം ബിൻത് മിൻഹാലിനെ വിവാഹം ചെയ്തതുമായി ബന്ധപ്പെട്ടതാണ്. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്നെതിരിൽ ആരോപണം ഉന്നയിക്കുന്നവർ പറയുന്നത് അദ്ദേഹം ലയ്‌ലാ ബിൻത് മിൻഹാലിനെ വിവാഹം ചെയ്തുവെന്നാണ്. ഇദ്ദ കഴിയാൻ പോലും കാത്തിരുന്നില്ല! ഈ വിവാഹത്തെ സംബന്ധിച്ച് താരീഖ് ത്വബരിയിൽ പറയുന്നു: 'ഹദ്റത്ത് ഖാലിദ്, ഉമ്മു തമീം ബിൻത് മിൻഹാലുമായി നിക്കാഹ് ചെയ്തു. ഇദ്ദ കഴിയുന്നതുവരെപോലും കാത്തിരുന്നില്ല. കാരണം അറബികൾ യുദ്ധത്തിന്നിടയിൽ സ്ത്രീകളുമായിട്ടുള്ള ബന്ധം മോശമാണെന്ന് കരുതുകയും അങ്ങനെ ചെയ്യുന്നവരെ പരിഹസിക്കുകയും ചെയ്തിരുന്നു. *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 273, ദാറുൽകുതുബുൽ ഇൽമിയ്യ, ലബ്നാൻ 2012)*

അല്ലാമ ഇബ്നു കഥീർ എഴുതുന്നു: 'അവർ അതായത് ലയ്‌ലാ ബിൻത് മിൻഹാൽ വിവാഹത്തിന് അനുവദനീയമായപ്പോൾ ഹദ്റത്ത് ഖാലിദ് അവരെ വിവാഹം കഴിച്ചു.' *(അൽബിദായ വന്നിഹായ ലി ഇബ്നി കഥീർ, വാള്യം 3, പേജ് 318, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

അല്ലാമാ ഇബ്നു ഖലിക്കാൻ എഴുതുന്നു: 'ഉമ്മു തമീം മൂന്നുമാസം തന്റെ ഇദ്ദ പൂർത്തിയാക്കി. തുടർന്ന് ഹദ്റത്ത് ഖാലിദ് അവർക്ക് വിവാഹ സന്ദേശമയച്ചു.' *(വഫ്‌യാത്തുൽ അഅ്‌യാൻ, ഭാഗം 5, പേജ് 10, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1998)*

ഹദ്റത്ത് ശാഹ് അബ്ദുൽ അസീസ് ദഹ്‌ലവി ഈ ആക്ഷേപത്തിന് മറുപടി നൽകിക്കൊണ്ട് പറയുന്നു: വാസ്തവത്തിൽ ഈ കഥ തന്നെ സാങ്കൽപ്പികമാകുന്നു. കാരണം വിശ്വാസയോഗ്യമായ ഒരു ഗ്രന്ഥത്തിലും ഇതു സംബന്ധിച്ചുള്ള നിവേദനമില്ല. പ്രാമാണികമല്ലാത്ത ഗ്രന്ഥങ്ങളുടെ നിവേദനങ്ങളിൽ ഇതു കാണപ്പെടുന്നുണ്ട്. അത്തരം നിവേദനങ്ങളിൽതന്നെ അതിനുള്ള മറുപടിയുമുണ്ട്. അതായത് മാലിക് ബിൻ നുവയ്റ ഒരു നീണ്ടകാലമായി ആ സ്ത്രീക്ക് ത്വലാഖ് കൊടുത്തിരുന്നു. പറയപ്പെടുന്നത്, മാലിക് ബിൻ നുവയ്റയുടെ ഭാര്യ അയാളെ കൊലപ്പെടുത്തി. ഖാലിദ് ബിൻ വലീദിനെ ഉടൻ തന്നെ വിവാഹം ചെയ്തു. യഥാർഥത്തിൽ വിവാഹം കഴിക്കാൻ വേണ്ടിയായിരുന്നു കൊല ചെയ്തത്. ഏതായാലും പറയുന്നു: മാലിക് ബിൻ നുവയ്റ ഒരു നീണ്ടകാലമായി ആ സ്ത്രീക്ക് ത്വലാഖ് കൊടുത്തിട്ടുണ്ടായിരുന്നു. അയാൾ തന്റെ ജാഹിലിയ്യാ പാരമ്പര്യം അനുസരിച്ച് അവരെ വീട്ടിൽതന്നെ വെച്ചിരിക്കുകയായിരുന്നു. ഈ ജാഹിലിയ്യാ ആചാരത്തെ ഇല്ലാതാക്കിക്കൊണ്ട് വിശുദ്ധ ഖുർആനിൽ ഇങ്ങനെ ആയത്ത് ഇറങ്ങിയിരിക്കുന്നു. ***വ ഇദാ ത്വല്ലഖ്ത്തുമുന്നിസാഅ ഫബലഗ്ന അജലഹുന്ന ഫലാ തഅ്ളലൂഹുന്ന***

അതായത് നിങ്ങൾ സ്ത്രീകളെ ത്വലാഖ് ചൊല്ലുമ്പോൾ അവർ തങ്ങളുടെ ഇദ്ദ പൂർത്തിയാക്കിയാൽ അവരെ തടഞ്ഞു വെക്കരുത്. ചുരുക്കത്തിൽ ഈ സ്ത്രീയുടെ ഇദ്ദ ഏതോ കാലത്ത് പൂർത്തിയായികഴിഞ്ഞിരുന്നു. നിക്കാഹ് അനുവദനീയമായിരുന്നു. അയാൾ ത്വലാഖ് കൊടുത്ത് വീട്ടിൽ തടഞ്ഞു വെക്കുകയാണുണ്ടായത്.'

ഹദ്റത്ത് ഖാലിദിന്റെ വിവാഹത്തെ സംബന്ധിച്ച് മറ്റൊരു ഗ്രന്ഥകാരൻ എഴുതുന്നു: ഉമ്മു തമീമിന്റെ പേര് ലയ്‌ലാ ബിൻത് സിനാൻ മിൻഹാൽ എന്നായിരുന്നു. ഇവർ മാലിക്ക് ബിൻ നുവയ്റയുടെ ഭാര്യയും ആയിരുന്നു. ഹദ്റത്ത് ഖാലിദുമായുള്ള അവരുടെ വിവാഹത്തെ സംബന്ധിച്ച് ഒരുപാട് തർക്കവിതർക്കങ്ങളുണ്ട്. ഇതിന്റെ സംക്ഷേപം ഇപ്രകാരമാണ്: ചിലയാളുകൾ ഖാലിദിനെ സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കുന്നത് അദ്ദേഹം ഉമ്മു തമീമിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടനായിരുന്നു എന്നാണ്. അവരെ സ്നേഹിച്ചിരുന്നുവെന്നും അതുകൊണ്ട് ക്ഷമിക്കാൻ കഴിഞ്ഞില്ലെന്നും ബന്ധനസ്ഥയായ ഉടൻതന്നെ വിവാഹം കഴിച്ചുവെന്നും പറയുന്നു. അതിന്റെ അർഥം നഊദുബില്ലാഹ് വിവാഹമല്ലായിരുന്നുവെന്നും മറിച്ച് അവിഹിതബന്ധമായിരുന്നുവെന്നുമാണ്. എന്നാൽ, ഈ വാക്കുകൾ അടിസ്ഥാനരഹിതമാണ്. തികച്ചും കളവുമാകുന്നു. അതിന് ഒരു വിശ്വാസ്യതയുമില്ല. കാരണം ആദ്യകാല സ്രോതസ്സുകളിൽ(**sources**) ഒന്നിലും ഇത് സംബന്ധിച്ചുള്ള സൂചനകളോ തെളിവുകളോ ലഭ്യമല്ല. ഇത് സംബന്ധിച്ചുള്ള നിവേദനങ്ങളിലും സ്രോതസ്സുകളിലും ഒരു തെളിവുമില്ല.

അല്ലാമ മാവർദി പറയുന്നു: ഖാലിദ്, മാലിക്ക് ബിൻ നുവയ്റയെ വധിക്കാൻ കാരണം അയാൾ സക്കാത്ത് തടഞ്ഞതായിരുന്നു. അതുകൊണ്ട് അയാളെ വധിക്കുക എന്നത് അനുവദനീയവുമായിരുന്നു. അക്കാരണംകൊണ്ടുതന്നെ ഉമ്മു തമീമുമായിട്ടുള്ള വിവാഹം തെറ്റായിരുന്നില്ല. മുർത്തദ്ദീങ്ങളായ സ്ത്രീകളെ സംബന്ധിച്ച് ശരീഅത്തിന്റെ കൽപന അവരെ യുദ്ധമുഖത്ത് കണ്ടുമുട്ടുകയാണെങ്കിൽ ബന്ദികളാക്കണമെന്നും വധിക്കരുതെന്നുമാണ്. ഇമാം സർഖസീ ഇക്കാര്യത്തിലേക്ക് സൂചന നൽകുന്നുണ്ട്. 'ഉമ്മു തമീം തടവുപുള്ളിയായി വന്നപ്പോൾ ഖാലിദ് അവരെ തനിക്കുവേണ്ടി തിരഞ്ഞെടുത്തു. അവരുമായുള്ള വിവാഹം അനുവദനീയമാക്കപ്പെട്ടതിനു ശേഷമാണ് അദ്ദേഹം അവരുമായി വിവാഹ ബന്ധത്തിൽ ഏർപ്പെടുന്നത്.' ശെയ്ഖ് അഹ്മദ് ശാക്കിർ കൂടുതൽ വിശദീകരണം നൽകിക്കൊണ്ട് പറയുന്നു: 'ഖാലിദ് ഉമ്മു തമീമിനെയും അവരുടെ മകനെയും 'മിൽകെ യമീൻ' അതായത് 'വലംകൈ ഉടമയാക്കപ്പെട്ടവർ' എന്ന നിലയ്ക്കാണ് ഏറ്റെടുത്തത്. കാരണം അവർ യുദ്ധത്തടവുകാരിയായിരുന്നു. ഇങ്ങനെയുള്ള സ്ത്രീകൾക്ക് ഒരു ഇദ്ദയുമില്ല. ഇനി അവർ ഗർഭിണിയാണെങ്കിൽ ഗർഭം പുറത്ത് വരുന്നത് വരെയും ഉടമസ്ഥൻ അവരുടെ അടുക്കൽ പോകുന്നത് നിഷിദ്ധമാണ്. ഗർഭിണി അല്ലെങ്കിൽ ഒരു തവണ ആർത്തവം വരുന്നതുവരെയും വിട്ടുനിൽക്കേണ്ടതാണ്. ഇത് അനുവദനീയമാകുന്നു. ഇതിൽ ആക്ഷേപത്തിനും പരിഹാസത്തിനും വകയില്ല. എന്നാൽ, ഖാലിദിന്റെ എതിരാളികളും ശത്രുക്കളും ഈ സന്ദർഭത്തെ തങ്ങൾക്ക് അനുകൂലമായി മനസ്സിലാക്കുകയും മാലിക് ബിൻ നുവയ്റ മുസ്‌ലിമായിരുന്നു വെന്നും ഖാലിദ് അയാളുടെ ഭാര്യയെ സ്വന്തമാക്കാൻ

അയാളെ വധിച്ചുവെന്നും തെറ്റുധാരണ പരത്താൻ തുടങ്ങി. മാത്രമല്ല ഇങ്ങനെ ഖാലിദ് തന്റെ വിവാഹത്തിലൂടെ അറേബ്യൻ ആചാരങ്ങളെയും ശീലങ്ങളെയും എതിർക്കുകയാണെന്നും ആരോപണം ഉന്നയിച്ചു.

അങ്ങനെ അഖ്ഖാദ് പറയുന്നത് ഖാലിദ്[റ], മാലിക്ക് ബിൻ നുവയ്റയെ വധിച്ചുകൊണ്ട് അയാളുടെ ഭാര്യയെ യുദ്ധമുഖത്തുവെച്ചുതന്നെ വിവാഹം കഴിച്ചുവെന്നാണ്. അത് ജാഹിലിയ്യാ കാലഘട്ടത്തിലും ഇസ്‌ലാമിലും അറബികളുടെ ശീലത്തിന് എതിരായിരുന്നു. അങ്ങനെ അദ്ദേഹം മുസ്‌ലിമീങ്ങളുടെ ശീലത്തെയും ശരീഅത്തിന്റെ നിയമങ്ങളെയും ലംഘിക്കുകയാണ് ചെയ്തത്. അഖ്ഖാദിന്റെ ഈ വാക്കുകൾ സത്യത്തിൽനിന്നു തികച്ചും വിദൂരത്താകുന്നു. അറബികൾക്കിടയിൽ ഇസ്‌ലാമിന് മുമ്പേ പലപ്പോഴും അവർ യുദ്ധങ്ങളിലും ശത്രുക്കൾക്കുമേലും വിജയം വരുമ്പോൾ സ്ത്രീകളെ വിവാഹം കഴിക്കുകയും അതിൽ അഭിമാനിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഡോക്ടർ അലി മുഹമ്മദ് സ്വലാബി എഴുതുന്നു: ‘ഈ എല്ലാ സംഭവങ്ങളും ശരീഅത്തിന്റെ വീക്ഷണത്തിൽ നോക്കുകയാണെങ്കിൽ ഖാലിദ് അനുവദനീയമായ കാര്യം തന്നെയാണ് ചെയ്തത്. അതിനുവേണ്ടി അദ്ദേഹം അനുവദനീയമായ മാർഗ്ഗം അവലംബിക്കുകയാണ് ചെയ്തത് . ഈ നടപടി ഖാലിദിനെക്കാളും ശ്രേഷ്ഠനായ വ്യക്തിത്വത്തിൽനിന്നുമുണ്ടായിട്ടുണ്ട്. ഖാലിദിനുമേൽ, യുദ്ധാവസരത്തിൽ അല്ലെങ്കിൽ അതിനു തൊട്ടുശേഷം വിവാഹം കഴിച്ചതിനെ കുറിച്ച് ആരോപണം ഉന്നയിക്കുകയാണെങ്കിൽ നബി[സ]തിരുമേനിയും മുറയസീഅ് യുദ്ധം കഴിഞ്ഞ ഉടൻതന്നെ ജുവയ്രിയ ബിൻത് ഹാരിഥിനെ വിവാഹം കഴിക്കുകയുണ്ടായി. ഇത് അവരുടെ ഗോത്രത്തിന് വളരെ അനുഗൃഹീതമായിട്ടാണ് ഭവിച്ചത്. ഈ വിവാഹം കാരണമായി അവരുടെ കുടുംബത്തിലെ നൂറു ആളുകൾ സ്വതന്ത്രരാക്കപ്പെട്ടു.

കാരണം അവർ നബി[സ]തിരുമേനിയുടെ ഭാര്യാപിതാവു വഴി ബന്ധുക്കളായി തീർന്നിരുന്നു. ഈ വിവാഹത്തിന്റെ അനുഗൃഹീതമായ മറ്റൊരു നേട്ടം അവരുടെ പിതാവ് ഹാരിഥ് ബിൻ ളിറാർ മുസ്‌ലിമായി എന്നതാണ്. അതുപോലെതന്നെ നബി[സ]തിരുമേനി ഖയ്ബർ യുദ്ധം കഴിഞ്ഞ ഉടൻതന്നെ സ്വഫിയ ബിൻത് ഹുയയ്യ് ബിൻത് അഖ്ത്വബുമായി വിവാഹം ചെയ്തു. ഇത് സംബന്ധിച്ച് നബി[സ]തിരുമേനിയുടെ പരിശുദ്ധ മാതൃകയും ചര്യയും ഉണ്ടായിരിക്കെ ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെമേൽ അനാവശ്യമായി ആരോപണം ഉന്നയിക്കുന്നതിന് ഒരു കരണവുമില്ല.

*(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദി സ്വലാബി മുത്തർറജിം പേജ് 334-336, മക്തബത്തുൽഫുർഖാൻ മുള്ഫർഗഢ്, പാക്കിസ്താൻ)*

ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെമേൽ അകാരണമായി ആക്ഷേപം ഉന്നയിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ ഈ വിശദീകരണം നല്കിയത്. ചില അറിവ് കുറഞ്ഞ ആളുകൾ ഇപ്പോഴും ചോദ്യമുന്നയിക്കുകയും ഹദ്റത്ത് അബൂബക്റിനുമേൽ ആരോപണം ഉന്നയിക്കുകയും ചെയ്തുകൊണ്ട് ഹദ്റത്ത് ഉമർ ശരിയാണ് ചെയ്തിരുന്നതെന്നും ഹദ്റത്ത് അബൂബക്ർ[റ] നഊദ്ബില്ലാഹ് നീതിപൂർവം പ്രവർത്തിച്ചില്ലെന്നും തെറ്റായ നിലയിൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ സഹായിച്ചുവെന്നും പറയുന്നു. വാസ്തവത്തിൽ ഈ എല്ലാ വിശദീകരണങ്ങളും കാണുകയും പരിശോധിക്കുകയും ചെയ്തതിനു ശേഷമാണ് അബൂബക്ർ[റ] തീരുമാനം എടുക്കുകയും എല്ലാ ആരോപണങ്ങളിൽനിന്നും ഹദ്റത്ത് ഖാലിദിനെ മുക്തനാക്കുകയും ചെയ്തത്.

ഹദ്റത്ത് ഖാലിദ്[റ] യമാമയിലേക്ക് പുറപ്പെടുന്നതിനെ സംബന്ധിച്ച് പറയുന്നു: ഹദ്റത്ത് അബൂബക്ർ[റ], ഹദ്റത്ത് ഖാലിദ് ബിൻ വലീദിന് കൽപന നൽകിക്കൊണ്ടു പറഞ്ഞു: അസദ് ഗത്വ്ഫാൻ ഗോത്രങ്ങളിൽനിന്നും മാലിക്ക് ബിൻ നുവയ്റയിൽനിന്നും വിരമിച്ചതിനുശേഷം യമാമയിലേക്ക് തിരിക്കുക. അതിനായി വലിയ തക്കീതും ചെയ്തിരുന്നു. ശരീക് ബിൻ അബ്ദഹ് ഫസാരി വിവരിക്കുന്നു: ‘ഞാൻ ബുസാഖ യുദ്ധത്തിൽ പങ്കെടുത്തവരോടൊപ്പമുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്റിന്റെ തിരുസന്നിധിയിൽ ഹാജരായി. അദ്ദേഹം എന്നെ ഖാലിദിന്റെ അടുത്ത് പറഞ്ഞയച്ചു. എന്റെ കൈയിൽ ഖാലിദിനുള്ള ഒരു കത്തും തന്നിരുന്നു. അതിൽ അദ്ദേഹം എഴുതി: അമ്മാ ബഅദ്! നിങ്ങളുടെ സന്ദേശവാഹകൻ മുഖേന നിങ്ങളുടെ കത്ത് കൈപറ്റി. അതിൽ ബുസാഖ യുദ്ധത്തിൽ അല്ലാഹുവിൽനിന്നുള്ള വിജയത്തെയും സഹായത്തേയും കുറിച്ച് താങ്കൾ എഴുതിയിരുന്നു. അസദ് ഗത്വ്ഫാൻ ഗോത്രങ്ങളോട് താങ്കൾ ചെയ്ത കാര്യങ്ങളും അതിലുണ്ടായിരുന്നു. പിന്നെ താങ്കൾ യമാമയിലേക്ക് തിരിയുകയാണെന്നും അതിൽ എഴുതിയിട്ടുണ്ട്. എനിക്ക് നിങ്ങളോടുള്ള വസ്വിയ്യത്ത്, ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവിനോടു തഖ്‌വ(ഭയഭക്തി)കൈക്കൊള്ളുക എന്നാണ്. നിങ്ങളുടെ കൂടെയുള്ള മുസ്‌ലിമീങ്ങളുമായി സൗമ്യഭാവേന കഴിയുക. അവരോടു പിതാവിനെപോലെ പെരുമാറുക. ഖാലിദേ! ഓർക്കുക. ബനീ മുഗയ്റയുടെ അഹങ്കാരത്തിൽനിന്നും ഗർവ്വിൽനിന്നും രക്ഷപ്പെടുക. ഞാൻ നിങ്ങളെ സംബന്ധിച്ച് അവർ പറഞ്ഞത് അംഗീകരിച്ചിട്ടില്ല. ഞാൻ അവരുടെ കാര്യം ഒന്നുംതന്നെ നിരാകരിക്കുന്നവനല്ല. അതിനാൽ നിങ്ങൾ ബനൂ ഹുനയ്ഫയെ നേരിടുമ്പോൾ ജാഗരൂകരായിരിക്കണം. ഓർക്കുക ബനൂ ഹുനയ്ഫയെ പോലെ ഇതുവരെയും നിങ്ങൾക്ക് ആരെയും നേരിടേണ്ടി വന്നിട്ടില്ല. അവർ എല്ലാവരും നിങ്ങൾക്കെതിരാകുന്നു. അവരുടെ രാജ്യം വളരെ വിശാലമാണ്. അതുകൊണ്ട് അവിടെയെത്തുമ്പോൾ നിങ്ങൾ സ്വയം സൈന്യത്തിന്റെ നേതൃത്വം കൈയാളണം. മയ്മനയിൽ ഒരാളെയും മയ്സറയിൽ ഒരാളെയും കുതിര സവാരികളുടെമേൽ ഒരാളെയും നിശ്ചയിക്കുക. നിങ്ങളുടെ കൂടെയുള്ള മുഹാജിരീങ്ങളുടെയും അൻസ്വാറിന്റേയും മുതിർന്ന സ്വഹാബാക്കളുമായി എപ്പോഴും കൂടിയാലോചന നടത്തിക്കൊള്ളുക. അവരുടെ മേന്മയേയും സ്ഥാനത്തേയും വിലമതിക്കുക. ശത്രുക്കൾ ഒരുങ്ങി നിൽക്കുമ്പോൾ പൂർണ തയ്യാറെടുപ്പോടെ അവർക്കുമേൽ ആക്രമണം നടത്തുക. അമ്പിനു പകരം അമ്പും കുന്തത്തിനുപകരം കുന്തവും വാളിനു പകരം വാളും ഉപയോഗിക്കുക. അവരുടെ തടവുകാരെ വാളുകൊണ്ടെടുക്കുക. വധിച്ചുകൊണ്ട് അവർക്കിടയിൽ ഭയവും പരിഭ്രാന്തിയും പരത്തുക. അവരെ യുദ്ധത്തിന്റെ തീയിലേക്ക് തള്ളിവിടുക. ഓർക്കുക! എന്റെ കൽപനകൾ നിരാകരിക്കരുത്. *വസ്സലാമു അലൈക്ക.*

ഈ കത്ത് ഖാലിദിനു കിട്ടിയപ്പോൾ അദ്ദേഹം അതു വായിച്ചുകൊണ്ട് പറഞ്ഞു: ‘ഞങ്ങൾ കേട്ടു, ഞങ്ങളത് പൂർണമായും അനുസരിക്കുകയും ചെയ്യുന്നതാണ്.’ ഖാലിദ് തങ്ങളോടൊപ്പം മുസ്‌ലിമീങ്ങളെ തയ്യാറാക്കി. ബനൂ ഹുനയ്ഫ അതായത് മുസയ്‌ലിമ നേതൃത്വം കൊടുത്തിട്ടുണ്ടായിരുന്ന സംഘത്തെ നേരിടാൻ അദ്ദേഹം പുറപ്പെട്ടു. അൻസ്വാറിന്റെ നേതാവായി ഥാബിത് ബിൻ ഖയ്സ് ബിൻ ശമ്മാസ് നിയമിതനായിരുന്നു. വഴിയിൽ കാണുന്ന മുർത്തദ്ദീങ്ങൾക്ക് ഗുണപാഠദായകമായ രീതിയിൽ ശിക്ഷ കൊടുത്തിരുന്നു. മറുഭാഗത്ത് ഹദ്റത്ത് അബൂബക്ർ[റ] ഹദ്റത്ത് ഖാലിദിന്റെ സംരക്ഷണത്തിനുവേണ്ടി പിന്നിൽ നിന്ന് ആരും ആക്രമിക്കാതിരിക്കാൻ സായുധ സജ്ജരായ ഒരു സൈന്യത്തെ അദ്ദേഹത്തിന്റെ പിന്നാലെയും അയച്ചിരുന്നു. ഖാലിദ് യമാമയിലേക്കുള്ള വഴിയിൽ നിരവധി ഗ്രാമീണ ഗോത്രങ്ങളിലൂടെയാണ് കടന്നു പോയത്. അവർ മുർത്തദ്ദീങ്ങളായിട്ടുണ്ടായിരുന്നു. അവരുമായി യുദ്ധം ചെയ്ത് അവരെ ഇ

ശേഷം പേജ് 12 ൽ

ത്വാലിബെ ദുആ



SABIR BURQA HOUSE

ALL TYPES OF READYMADE BURQA

ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.

CIVIL LINES ROAD, OPP.FOUR STORY QADIAN

CONTACT NO: 98884 45694 (SABIR AHMAD)

## • കലാമുൽ ഇമാം •

**‘ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി[സ]തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.’** *(മൽഫൂദാത്ത് വാല്യം 3, പേജ് 38)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

# ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ സത്യസാക്ഷ്യം; കാലത്തിന്റെ ആവശ്യകതയുടെ വെളിച്ചത്തിൽ

**മൻസൂർ അഹ്മദ് മസ്റൂർ**

(കഴിഞ്ഞ ലക്കം തുടർച്ച)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഓർത്തുകൊള്ളുവിൻ! നുസൂലുൽ മസീഹ് എന്ന ഗ്രന്ഥത്തിൽ ഞാൻ 150 പ്രവചനം രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇത് കളവാകുന്നപക്ഷം മൗലവി ഥനാഉല്ലാഹ് സാഹിബിന് പതിനഞ്ചായിരം രൂപ കൊണ്ടുപോകാവുന്നതാണ്. എന്നുമാത്രമല്ല ഇപ്രകാരം ദൂഷ്യം പറഞ്ഞുനടക്കുന്നതിൽനിന്ന് അദ്ദേഹത്തിന് രക്ഷപ്പെടുകയും ചെയ്യാം. അതുമല്ല ഈ പ്രവചനങ്ങളോടൊപ്പം അതിനെ സ്ഥാപിക്കുന്ന വേറെ തെളിവുകളും ഈ വാദത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ ഓരോ പ്രവചനത്തിനും നൂറുരൂപ നൽകികൊണ്ടേയിരിക്കുന്നതുമാണ്. ഇപ്പോൾ ഒരു ലക്ഷത്തിലധികം ആളുകളാണ് എന്റെ ജമാഅത്തിലുള്ളത്. ചുരുക്കത്തിൽ ഞാൻ മൗലവി ഥനാഉല്ലാഹ് സാഹിബിനുവേണ്ടി എന്റെ ജമാഅത്തംഗങ്ങളിൽനിന്ന് ഓരോ രൂപവീതം വാങ്ങിയാലും ഒരുലക്ഷം രൂപയാകും. അതെല്ലാം അദ്ദേഹത്തിന് കൊടുക്കുന്നതുമാണ്. രണ്ട് ചില്ലി ക്കാശിനുവേണ്ടി ദൈവകോപം വിളിച്ചുവരുത്തുന്ന ദൂഷ്യം പറഞ്ഞു നടക്കുന്നതും, സ്വന്തം അനുയായികളുടെ മരണത്തിന് കഫൻ തുണി അണിയിച്ചും വഅള് പറഞ്ഞു നടന്നും നിത്യജീവിതച്ചെലവ് നടത്തുന്ന ഇദ്ദേഹത്തന് ഒരുലക്ഷംരൂപ ലഭിക്കുക എന്നത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു സ്വർഗം ലഭ്യമാകലാണ്. എന്നാൽ, ഞാൻ വിശദീകരിച്ച ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കാതിരിക്കുകയും, ഞാൻവെച്ച നിബന്ധനകളോടുകൂടി നിജസ്ഥിതി അറിയുവാൻ ഖാദിയാനിൽ വരാതിരിക്കുകയുമാണെങ്കിൽ ലുധിയാന എന്ന സ്ഥലത്തുവെച്ച് നടന്ന വ്യർഥമായ വർത്തമാനങ്ങളുടേയും നിർലജ്ജങ്ങളായ കളവുകളുടേയുംമേൽ ശാപമുണ്ടാകുന്നതാണ്." ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: 'ഞാൻ വാദത്തോടുകൂടി പറയുന്നു. അങ്ങേയറ്റം സ്പഷ്ടമായി പുലർന്ന എന്റെ ആയിരക്കണക്കിന് വ്യക്തമായ പ്രവചനങ്ങളുണ്ട്. ലക്ഷക്കണക്കിനാളുകൾ ഇതിന് സാക്ഷികളാണ്. അതിന്റെ ഉദാഹരണങ്ങൾ കഴിഞ്ഞുകടന്ന പ്രവാചകന്മാരിൽ തിരഞ്ഞാൽ, നബി(സ)തിരുമേനിയിലല്ലാതെ മറ്റൊരിടത്തും അതിനുദാഹരണം ലഭിക്കുകയില്ല." *(കശ്തിയെനൂഹ്, റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 6)*

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: "കഴിഞ്ഞ 1300 വർഷത്തിന്നിടയിൽ അല്ലാഹു എന്നോട് സംസാരിക്കുകയും ഭാഷണം നടത്തുകയും, അദൃശ്യകാര്യങ്ങൾ വെളിപ്പെടുത്തുകയും എനിക്ക് അനുഗ്രഹങ്ങൾ നല്കുകയും ചെയ്തതുപോലെ ആർക്കുംതന്നെ നൽകിയിട്ടില്ല. ഇനി ആരെങ്കിലും ഇക്കാര്യം നിഷേധിക്കുകയാണെങ്കിൽ അതിനുള്ള തെളിവ് കൊണ്ടുവരേണ്ടതും അങ്ങനെയുള്ളവരുടെ ഉത്തരവാദിത്വമായിരിക്കും." (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 406)

അവിടന്ന് വീണ്ടും പറയുന്നു: "ഇനി ലോകത്തുള്ള എല്ലാ സമുദായങ്ങളും ഒരുമിച്ചുകൂടി എനിക്കെതിരിൽ നിന്നുകൊണ്ട് ആർക്കാണ് അല്ലാഹു അദൃശ്യകാര്യങ്ങൾ അറിയിക്കുന്നത് ആർക്കുവേണ്ടിയാണ് അവൻ വലിയ വലിയ അടയാളങ്ങൾ പ്രകടിപ്പിക്കുന്നതെന്നുമുള്ള കാര്യത്തിൽ ഏറ്റുമുട്ടുകയാണെങ്കിൽ നിശ്ചയമായും ഞാൻ വിജയശ്രീലാളിതനായിത്തീരുന്നതാണ്." (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 181)

ആ മഹാത്മാവ് പറയുന്നു:"ഞാൻ അല്ലാഹുവിൽനിന്ന് ദൃഢമായ ജ്ഞാനം കരസ്ഥമാക്കിക്കൊണ്ട് പറയുകയാണ്, ഈ മൗലവിമാർ എല്ലാവരും തങ്ങളുടെ പീർമാരേയും ഒരുമിച്ചുകൂട്ടി ദിവ്യബോധനത്തിന്റെ കാര്യത്തിൽ ഞാനുമായി നേരിടാൻ തയ്യാറാവുകയാണെങ്കിൽ അല്ലാഹു അവർക്കെതിരിൽ എനിക്ക് വിജയം നൽകുന്നതാണ്. കാരണം ഞാൻ ദൈവത്തിൽനിന്നുള്ളവനാണ്." (അഞ്ചാമെ ആഥിം, റൂഹാനീ ഖസാഇൻ, വാള്യം 11, പേജ് 341)

ഇനി അടുത്തതായി അല്ലാഹുവിൽനിന്ന് മസീഹ് മൗഊദ്(അ)ന് ലഭിച്ച മറ്റൊരു മഹത്തായ സഹായത്തെക്കുറിച്ച് ഞാൻ പ്രതിപാദിക്കുകയാണ്. അത് ആ മഹാത്മവിന് ലഭിച്ച ഖുർആനികജ്ഞാനത്തിന്റേതായിരുന്നു. അവിടന്ന് പറയുന്നു: "ഇന്നേക്ക് ഇരുപതു കൊല്ലം മുമ്പേ ബറാഹീനെ അഹ്മദിയ്യായിൽ ഈ ഇൽഹാം കാണാവുന്നതാണ്. അർറഹ്മാനു അല്ലമൽ ഖുർആൻ ഈ ഇൽഹാമിന്റെ അടിസ്ഥാനത്തിൽ അല്ലാഹു എനിക്ക് ഖുർആനികജ്ഞാനം തന്നരുളിയിരിക്കുന്നു. എന്നെ അവൻ സമുദ്രത്തെപ്പോലെ ദിവ്യജ്ഞാനങ്ങളാലും സത്യതത്ത്വജ്ഞാനങ്ങളാലും നിറച്ചിരിക്കുന്നു. എനിക്ക് അവൻ അടിക്കടി ഇൽഹാം (ദിവ്യവെളിപാടുകൾ) നൽകിക്കൊണ്ടിരിക്കുന്നു. ഈ കാലഘട്ടത്തിൽ, ദൈവികജ്ഞാനങ്ങളിലും ദൈവസ്നേഹത്തിലും നിന്റെ ദിവ്യജ്ഞാനത്തോടും നിന്റെ സ്നേഹത്തോടും കിടപിടിക്കുന്നവൻ വേറെ ആരുമില്ല എന്നവൻ പറയുന്നു." *(ഉറൂറത്തുൽ ഇമാം, റൂഹാനി ഖസാഇൻ, വാള്യം 13, പേജ് 502)*

അവിടന്ന് പറയുന്നു: "ഇനി മറ്റൊരു പ്രവചനം അത് ദൈവികദൃഷ്ടാന്തമാണ്. അർറഹ്മാനു അല്ലമൽ ഖുർആൻ എന്നതാണത്. ഈ ആയത്തിൽ അല്ലാഹു ഖുർആനികജ്ഞാനം വാഗ്ദാനം ചെയ്തിരിക്കുന്നു. ഒരാൾക്കും ഖുർആനികജ്ഞാനത്തിൽ എന്നെ നേരിടാൻ സാധിക്കാത്തതരത്തിൽ അല്ലാഹു ഈ വാഗ്ദാനം പൂർത്തീകരിച്ചു. ഈ രാജ്യത്തുള്ള മൗലവിമാരിൽനിന്ന് ഏതെങ്കിലുമൊരു മൗലവി ഖുർആനികജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ എന്നെ നേരിടുകയും ഏതെങ്കിലുമൊരു അധ്യായത്തിന്റെ തഫ്സീർ ഞാൻ എഴുതുകയും എതിരാളിയും അങ്ങനെയൊന്ന് എഴുതുകയുമാണെങ്കിൽ അയാൾ തികച്ചും നിന്ദ്യനാവുകയും എനിക്കെതിരിൽ പരാജയപ്പെടുകയും ചെയ്യും. എന്നെ നേരിടാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെയാണ് ഞാൻ പലതവണ ആവർത്തിച്ചാവർത്തിച്ചു വിളിച്ചിട്ടും മൗലവിമാർ ഈ വെല്ലുവിളി സ്വീകരിക്കാതിരിക്കുന്നത്. നീതിബോധവും വിശ്വാസവുമുള്ളവർക്ക് ഇത് മഹത്തായൊരു തെളിവാണ്." *(അഞ്ചാമെ ആഥിം, റൂഹാനി ഖസാഇൻ, വാള്യം 11, പേജ് 201)*

ഹദ്റത്ത് മസീഹ് മൗഊദ്[അ] അറബി വിജ്ഞാനത്തിലും ഖുർആനികജ്ഞാനത്തിലും ഒരറിവുമില്ലാത്ത ആളാണെന്ന് മുഹമ്മദ് ഹുസയ്ൻ ബട്ടാലവി അക്രമത്തിന്റേയും അനീതിയുടേയും മാർഗത്തിലൂടെ സാധാരണജനങ്ങളിൽ പ്രസിദ്ധം ചെയ്തുകൊണ്ടേയിരുന്നു. എന്നാൽ, പൊതുജനങ്ങളെ വഴികേടിൽനിന്ന് രക്ഷിക്കുവാനും മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ കള്ളം വെളിപ്പെടുത്താനുംവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്[അ] അദ്ദേഹത്തെ ഖുർആൻ തഫ്സീറിൽ താനുമായി മത്സരിക്കാൻ വെല്ലുവിളിച്ചു. എന്നാൽ, മുഹമ്മദ് ഹുസയ്ൻ ബട്ടാലവി പലതരത്തിലുള്ള ഒഴിവുകഴിവുകളും വിവിധ കുതന്ത്രങ്ങളും പലതരത്തിലുള്ള അനാവശ്യ നിബന്ധനകളും വെച്ചുകൊണ്ട് ഓടിരക്ഷപ്പെടുകയാണുണ്ടായത്.

ഹദ്റത്ത് മസീഹ് മൗഊദ്[അ] രണ്ടാംതവണ വീണ്ടും ന്യായപൂർത്തീകരണമെന്നോണം തന്നെ നേരിടാൻ മുഹമ്മദു ഹുസയ്ൻ ബട്ടാലവിയെ വിളിക്കുകയും കറാമാത്തുസ്വാദിഖീൻ എന്ന ഗ്രന്ഥം ഏതാനും ചില ദിനങ്ങൾകൊണ്ട് എഴുതി പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ഗ്രന്ഥത്തിൽ സൂറഃ ഫാത്തിഹായുടെ തഫ്സീറും ഹദ്റത്ത് നബി[സ]തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ട് 661 വരികളടങ്ങുന്ന നാലു ഖസീദയും എഴുതിക്കൊണ്ട് അതിന് തത്തുല്യമായത് സമർപ്പിക്കുവാൻ മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയെ പ്രത്യേകിച്ചും മറ്റു മൗലവിമാരെ പൊതുവെയും ഒരുമാസത്തെ അവധി വെച്ചുകൊണ്ട് വെല്ലുവിളിച്ചുകൊണ്ട് പറഞ്ഞു: 'മൂന്നാളെ സാക്ഷിനിറുത്തിക്കൊണ്ട് തന്റെ കവിതകളും വ്യാഖ്യാനങ്ങളും എന്റെ കവിതകളെക്കാളും വ്യാഖ്യാനങ്ങളെക്കാളും ഉന്നതമാണെന്ന് തെളിയിക്കുകയും ഒരുമാസത്തെ അവധിക്കുള്ളിൽ ഇത് പ്രസിദ്ധീകരിക്കുകയും ചെയ്താൽ അങ്ങനെയുള്ള ആൾക്ക് ഞാൻ ആയിരം രൂപ അയാളുടെ കൈയിൽ റൊക്കമായി കൊടുക്കുന്നതാണ്." *(കറാമാത്തുസ്വാദിഖീൻ, റൂഹാനി ഖസാഇൻ, വാള്യം 7, പേജ് 47)*

അവിടന്ന് പറയുന്നു: "തലയിൽ അഹങ്കാരത്തിന്റെയും പൊങ്ങച്ചത്തിന്റെയും കീടങ്ങളുള്ള ഈ മൗലവിമാരെല്ലാം ഈ വിനീതനുമേൽ അടിക്കടി കുഫ്റ് ഫത്‌വയും മതപരിത്യാഗവും ആരോപിച്ചു കൊണ്ടിരിക്കുന്നു. അവർ സ്വയം എന്തൊക്കെയോ ആണെന്ന് അഹങ്കരിക്കുന്നു. അവർ ഡൽഹിയിലുള്ളവരാകട്ടെ, ലഖ്നൗവിലുള്ളവരാകട്ടെ, ലാഹോറിലുള്ളവരാകട്ടെ മറ്റേതെങ്കിലും നഗരങ്ങളിലുള്ളവരാകട്ടെ അവർക്ക് അല്പമെങ്കിലും ലജ്ജയുണ്ടെങ്കിൽ നാമുമായി ഏറ്റുമുട്ടുകയും ആയിരം രൂപ സമ്മാനത്തുക കരസ്ഥമാക്കുകയും ചെയ്യട്ടെ." *(കറാമാത്തുസ്വാദിഖീൻ, റൂഹാനി ഖസാഇൻ, വാള്യം 7, പേജ് 63)*

മാന്യശ്രോതാക്കളേ! ഹദ്റത്ത് മസീഹ് മൗഊദ്[അ] ഇതിനുശേഷം പീർ മെഹ്ർ അലി ശാഹ് ഗോൽഡവിയെ പ്രത്യേകമായും മറ്റു പണ്ഡിതന്മാരെ പൊതുവേയും ലാഹോറിലെ ഒരു സമ്മേളനത്തിൽ വിശുദ്ധ ഖുർആനിന്റെ നാല്പത് ആയത്തുകളുടെ അറബി തഫ്സീർ എഴുതി താനുമായി മത്സരിക്കുന്നതിന് വെല്ലുവിളിക്കുകയുണ്ടായി. എന്നാൽ, പീർ മെഹ്ർ

അലിശാഹ് വിവിധ കുതന്ത്രങ്ങളും തടസ്സങ്ങളും ഉന്നയിച്ച് പിന്തിരിഞ്ഞോടുകയാണ് ചെയ്തത്. പിന്നീട് പൊതുജനങ്ങളെ തെറ്റുധരിപ്പിക്കാൻ താൻ മിർസാ സാഹിബുമായി മത്സരിക്കാൻ തയ്യാറാണെന്നും അതിനു സാധിക്കുമെന്നും പറഞ്ഞുകൊണ്ടേയിരുന്നു.

ഒരു പ്രവാചകന്റെ പ്രവൃത്തി അടിക്കടി ഹുജ്ജത്ത് പൂർത്തീകരിച്ചുകൊണ്ടിരിക്കുക എന്നതാണ്. കാരണം അത് സത്യാത്മാക്കൾക്ക് മാർഗദർശനം ഉൾക്കൊള്ളുന്നതിനു കാരണമായിത്തീരും. വീണ്ടും രണ്ടാംതവണ ഹുജ്ജത്ത് (ന്യായപൂർത്തീകരണത്തിനുവേണ്ടി) സൂറഃഫാത്തിഹയുടെ തഫ്സീർ 70 ദിവസങ്ങൾക്കുള്ളിൽ വീട്ടിലിരുന്ന് എഴുതി പ്രസിദ്ധീകരിക്കണമെന്നും താനും അതുപോലെ ചെയ്യുന്നതാണെന്നും അറിയിച്ചു. മാത്രമല്ല, ഈ തഫ്സീർ രചിക്കുന്നതിനുവേണ്ടി ലോകത്തുള്ള എല്ലാ പണ്ഡിതന്മാരുടെയും സഹായം അദ്ദേഹത്തിന് തേടാവുന്നതാണെന്നും, എല്ലാ അറബിഭാഷാ പണ്ഡിതന്മാരെയും സാഹിത്യകാരന്മാരെയും അദ്ദേഹത്തിന് വിളിക്കാവുന്നതാണെന്നും അവിടന്ന് അറിയിച്ചു. ലാഹോറിലും മറ്റു നാടുകളിലുമുള്ള അറബിപണ്ഡിതന്മാരെയും പ്രൊഫസർമാരേയും സഹായത്തിന് വിളിക്കാവുന്നതാണ്. 1900 ഡിസംബർ 15 മുതൽ 70 ദിവസത്തിനുള്ളിൽ ഈ ജോലിക്കുവേണ്ടി നാം അവർക്ക് കാലയളവ് നൽകുന്നു. തഫ്സീർ എഴുതിയതിനുശേഷം മൂന്ന് അറബി സാഹിത്യകാരന്മാർ അദ്ദേഹത്തിന്റെ തഫ്സീർ സമഗ്രവും സാഹിത്യസമ്പുഷ്ടവുമാണോ എന്ന് തീരുമാനിക്കട്ടെ. അത് ജ്ഞാനസമ്പൂർണമാണെങ്കിൽ ഞാൻ 500 രൂപ റൊക്കം നൽകുന്നതായിരിക്കുമെന്നും എന്റെ എല്ലാ ഗ്രന്ഥങ്ങളും കത്തിച്ച് ചാമ്പലാക്കുകയും അയാളുടെ കൈയിൽ ബയ്അത്ത് ചെയ്യുകയും ചെയ്യുന്നതുമാണെന്ന് മസീഹ് മൗഊദ്(അ) പ്രഖ്യാപിച്ചു. *(അർബഈൻ നമ്പർ 4, റൂഹാനി ഖസാഇൻ, വാല്യം 17, പേജ് 449)*

നിശ്ചിത അവധിക്കുള്ളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇഅ്ജാസുൽ മസീഹ് എന്ന പേരിൽ സാഹിത്യസമ്പുഷ്ടമായ വളരെ ഉയർന്നനിലവാരത്തിലുള്ള സൂറഃഫാത്തിഹായുടെ തഫ്സീർ പ്രസിദ്ധീകരിച്ചു. എന്നാൽ, പീർ മെഹ്ർ അലിക്ക് ഒന്നുംതന്നെ പ്രസിദ്ധം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: അയാളുടെ പേര് മെഹ്ർ അലി എന്നല്ല. മറിച്ച്, മുഹ്ർ അലി എന്നാണ്. കാരണം ഈ വിനീതനും അദ്ദേഹത്തെ നിശബ്ദനാക്കിയതുകൊണ്ട് എന്റെ ഗ്രന്ഥമായ ഇഅ്ജാസുൽ മസീഹിന്റെ അത്ഭുതം അദ്ദേഹത്തിനുമേൽ മുദ്രയായിത്തീർന്നു.' *(നുസൂലുൽമസീഹ്, റൂഹാനി ഖസാഇൻ, വാല്യം 18, പേജ് 432)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഏതൊരുവന്റെ കൈകളിൽ എന്റെ ജീവനിരിക്കുന്നുവോ അവനാണ! വിശുദ്ധഖുർആനിന്റെ യാഥാർഥ്യങ്ങളും തത്ത്വസാരങ്ങളും മനസ്സിലാക്കുന്ന കാര്യത്തിൽ അല്ലാഹു എനിക്ക് എല്ലാവരുടേയുംമേൽ വിജയം തന്നരുളിയിരിക്കുന്നു. ഞാൻ ഖുർആനിന്റെ തഫ്സീറിനുവേണ്ടി അടിക്കടി മൗലവിമാരെ വിളിച്ചതുപോലെ ഏതെങ്കിലുമൊരു എതിരാളി മൗലവി ഞാനുമായി ഏറ്റുമുട്ടാൻ തയ്യാറായാൽ ദൈവം അയാളെ ലജ്ജിതനും നിന്ദിതനുമാക്കിത്തീർക്കും. എനിക്ക് വിശുദ്ധഖുർആനിന്റെ ആശയങ്ങൾ നൽകപ്പെട്ടിരിക്കുന്നു എന്നത് അല്ലാഹു എനിക്കു നൽകിയ ഏറ്റവും വലിയ ദൃഷ്ടാന്തം തന്നെയാണ്.' *(സിറാജെമുനീർ, റൂഹാനി ഖസാഇൻ വാല്യം 12, പേജ് 41)*

ലാഹോറിലെ മുൻശി ഇലാഹിബഖ്ശ് അക്കൗണ്ടന്റ്ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശിഷ്യരിൽപെട്ട ആളായിരുന്നു. ആത്മാർഥതയിലും കൂറിലും വളരെ ഉയർന്ന നിലവാരത്തിലുള്ള ആളായിരുന്നു. 1889 - ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിന് അസ്തിവാരമിടുകയും തന്റെ മുരീദുമാരോട് തനിക്ക് ബയ്അത്ത് ചെയ്യാൻ നിർദേശിക്കുകയും ചെയ്തപ്പോൾ മുൻശി ഇലാഹി ബഖ്ശ് പെട്ടെന്ന് പതറി പിന്തിരിഞ്ഞുകളഞ്ഞു. മുൻശി ഇലാഹി ബഖ്ശ് ഖാദിയാനിൽ വന്ന് ലക്കുലഗാനുമില്ലാതെ തനിക്കുണ്ടായ സ്വപ്നങ്ങളും ഇൽഹാമുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കേൾപിച്ചു. അയാൾ പറഞ്ഞു: 'ഞാനെന്തിന് താങ്കൾക്കു ബയ്അത്തു ചെയ്യണം' എന്നു പറയുന്നതായി സ്വപ്നം കണ്ടു;താങ്കൾ എനിക്ക് ബയ്അത്തു ചെയ്യുക.' തുടർന്ന് തന്റെ ഈ പഴയ സുഹൃത്തിനെ നാശത്തിൽനിന്ന് രക്ഷിക്കാൻവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) അങ്ങേയറ്റം മഹത്തായ ഒരു ഗ്രന്ഥം ളറൂറത്തുൽ ഇമാം (ഇമാമിന്റെ ആവശ്യകത) എന്ന പേരിൽ പ്രസിദ്ധീകരിച്ചുകൊണ്ട് പറഞ്ഞു: 'എന്റെ പ്രിയസുഹൃത്തേ! നാം ദിവ്യജ്ഞാനത്തിലും സത്യതത്ത്വങ്ങളിലും ആത്മീയാനുഗ്രഹങ്ങളിലും വിശന്നവനും ദാഹിച്ചവനുമാകുന്നു. ഒരു സമുദ്രം മുക്കിക്കുടിച്ചാലും തൃപ്തിപ്പെടുകയില്ല. ആരെങ്കിലും നമ്മെ തന്റെ ദാസ്യത്തിലേക്ക് എടുത്തുകൊള്ളാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ബയ്അത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും അതിന്റെ യഥാർഥമായ തത്ത്വജ്ഞാനവും ഉൾക്കൊണ്ടുകൊണ്ട് നാമുമായി ഈ ക്രയവിക്രയം നടത്തുന്നത് വളരെ എളുപ്പമുള്ള കാര്യമാകുന്നു. അദ്ദേഹത്തിന്റെ പക്കൽ നമുക്ക് നൽകപ്പെട്ടിട്ടില്ലാത്ത സ്വർഗ്ഗീയാനുഗ്രഹങ്ങളും സത്യതത്ത്വജ്ഞാനങ്ങളും ദിവ്യസമ്പത്തുകളും ഉണ്ടെങ്കിലും, നമുക്ക് തുറന്നുതന്നിട്ടില്ലാത്ത ഖുർആനികജ്ഞാനനിധികൾ അദ്ദേഹത്തിന് തുറന്നുകിട്ടിയിട്ടുണ്ടെങ്കിലും ബിസ്മില്ലാഹ് ആ വന്ദ്യാത്മാവ് നമ്മുടെ ദാസ്യത്തിന്റേയും അനുസരണത്തിന്റേയും കൈ സ്വീകരിച്ചുകൊള്ളട്ടെ. ആത്മീയജ്ഞാനങ്ങളും ഖുർആനിക രഹസ്യങ്ങളും സ്വർഗീയാനുഗ്രഹങ്ങളും അദ്ദേഹം നമുക്ക് പകരം നല്കുകയും ചെയ്യട്ടെ! അധികമായ ക്ലേശങ്ങൾ ഏൽപിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ മുൽഹം(വെളിപാടുകാരൻ) ആയ സ്നേഹിതൻ ഏതെങ്കിലും ഒരു യോഗത്തിൽ സൂറഃഇഖ്ലാസിന്റെ തത്ത്വരഹസ്യങ്ങളും ദിവ്യജ്ഞാനങ്ങളും വിവരിക്കട്ടെ. അതിനെക്കാൾ ആയിരം മടങ്ങ് ശ്രേഷ്ഠമായ വ്യാഖ്യാനങ്ങൾ നൽകാൻ നമുക്ക് സാധിക്കാത്തപക്ഷം നാം അദ്ദേഹത്തിന് കീഴ്വണങ്ങിക്കൊള്ളാം." *(ളറൂറത്തുൽ ഇമാം, റൂഹാനീ ഖസാഇൻ വാല്യം 13, പേജ് 498)*

അവിടന്ന് പറയുന്നു: 'ഞാൻ സത്യം ചെയ്തു പറയുന്നു, എപ്രകാരം നമ്മുടെ സുഹൃത്ത് പണ്ഡിതനായ മൗലവി അബ്ദുൽ കരീം സാഹിബ് ഉപദേശ പ്രസംഗ വേളയിൽ വിശുദ്ധഖുർആനിന്റെ സത്യതത്ത്വങ്ങളും ദിവ്യജ്ഞാനങ്ങളും വിവരിച്ചുതന്നതിന്റെ ആയിരത്തിലൊരംശംപോലും എന്റെ ബഹുമാന്യസുഹൃത്തിന്റെ നാവിൽനിന്ന് പുറത്തുവരുമെന്ന് എനിക്ക് വിശ്വാസമില്ല.' *(ളറൂറത്തുൽ ഇമാം, റൂഹാനീ ഖസാഇൻ വാല്യം 13, പേജ് 500)*

നമ്മുടെ ജമാഅത്തിൽ എന്റെ കൈയിൽ ബയ്അത്ത് ചെയ്തിട്ടുള്ള ദൈവദാസരിൽ ഉജ്ജ്വല പ്രഭാവനും മഹാപണ്ഡിതനുമായ ഒരു ധന്യാത്മാവുണ്ട്. അത് ഹക്കീം ഹാഫിള് ഹാജിയുൽഹറമയ്ൻ നൂറുദ്ദീൻ സാഹിബാണ്. ലോകത്തെങ്ങുമുള്ള ഖുർആൻ തഫ്സീറുകൾ അദ്ദേഹം തന്റെ പക്കൽ സൂക്ഷിച്ചുപോരുന്നു. അദ്ദേഹത്തിന്റെ ഹൃദയം ആയിരക്കണക്കായ ഖുർആനികജ്ഞാനങ്ങളുടെ ഭണ്ഡാരമാണ്. താങ്കൾക്ക് യഥാർഥത്തിൽ ബയ്അത്ത് വാങ്ങാനുള്ള ശ്രേഷ്ഠത നല്കപ്പെട്ടിട്ടുണ്ടെങ്കിൽ ഖുർആനിന്റെ ഒരു അധ്യായം സത്യതത്ത്വങ്ങളോടും ദിവ്യജ്ഞാനങ്ങളോടുംകൂടി അദ്ദേഹത്തിന് കേൾപ്പിച്ചുകൊടുക്കുക. ഇക്കൂട്ടർ എന്റെ കൈകളിൽ ബയ്അത്ത് ചെയ്തിട്ടുള്ളതും മറ്റു വെളിപാടുവാദികളെയെല്ലാം കൈയൊഴിച്ചതും ഭ്രാന്തായതുകൊണ്ടൊന്നുമല്ലല്ലോ?"

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അദ്ദേഹം തന്റെ ഇൽഹാമിയായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുമുമ്പേ തന്റെ ഖുർആനികജ്ഞാനങ്ങളുടെ മാതൃക ആദ്യം മൗലവി സാഹിബിനൊന്ന് കാണിച്ചുകൊടുക്കട്ടെ. ഈ അത്ഭുതകരമായ പ്രതിഭാസത്തിന്റെ പ്രകാശപ്പൊലിമ മുഖേന നൂറുദ്ദീനെപോലുള്ള ഒരു ഖുർആൻഭക്തനിൽനിന്ന് ബയ്അത്ത് സ്വീകരിക്കട്ടെ. അപ്പോൾ ഞാനും എന്റെ ജമാഅത്തും താങ്കളിൽ ബലിയായിരിക്കും." *(ളറൂറത്തുൽ ഇമാം, റൂഹാനീ ഖസാഇൻ വാല്യം 13, പേജ് 501)*

മതപരവും ഖുർആനിക വിജ്ഞാനങ്ങളും അതിന്റെ യാഥാർഥ്യങ്ങളും തത്ത്വസാരങ്ങളും ഉൾക്കൊള്ളുന്ന പരമോന്നത സാഹിത്യത്തിൽ ഞാൻ ഇച്ഛിക്കുന്നതുപോലെയുള്ള തഫ്സീർ ഒരിക്കലുംതന്നെ മറ്റാർക്കും എഴുതാൻ കഴിയുകയില്ല. ലോകം മുഴുവനും എനിക്കെതിരിൽ ഒരുമിച്ചുകൂടി ഞാനുമായി ഏറ്റുമുട്ടിയാലും ഞാൻ തന്നെയായിരിക്കും വിജയശ്രീലാളിതനാവുകയും ദൈവാനുഗ്രഹത്താൽ എന്റേത് തന്നെയായിരിക്കും ഏറ്റവും മികച്ചുനിൽക്കുകയും ചെയ്യുക." *(അയ്യാമുസ്സ്വുൽഹ് റൂഹാനീ ഖസാഇൻ വാല്യം 14, പേജ് 407)*

അവസാനമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉന്നതമായ നിർദേശങ്ങളിൽനിന്ന് ഏതാനും ചില വരികൾ സമർപിച്ചുകൊണ്ട് എന്റെ വിഷയം അവസാനിപ്പിക്കാം. ആ പുണ്യാത്മാവ് പറയുന്നു: "വിശുദ്ധഖുർആനിന്റെ ജ്ഞാനങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുകയാണ്. സൂക്ഷ്മതത്ത്വങ്ങളും ദിവ്യമായ സ്വർഗീയ ദൃഷ്ടാന്തങ്ങളും അനിതരസാധാരണങ്ങളായ നിലയിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. കൂടാതെ ഇസ്ലാമിന്റെ സൗന്ദര്യവും പ്രകാശവും അനുഗ്രഹങ്ങളും ദൈവം പുതിയ രൂപത്തിൽ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. കാണാൻ സാധിക്കുന്ന കണ്ണുള്ളവർ കാണട്ടെ. എവിടെയാണ് യഥാർഥ ആവേശമുള്ളതെന്ന് അവർ അന്വേഷിച്ചുകണ്ടെത്തട്ടെ. അല്ലാഹുവിനോടും നബി(സ)തിരുമേനിയോടുമുള്ള സ്നേഹം ഏതിലാണെന്ന് നോക്കട്ടെ. അല്ലാഹു തന്റെ പരിശുദ്ധകരങ്ങളാൽ അസ്തിവാരമിട്ട അവന് ഇഷ്ടപ്പെട്ട ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്യട്ടെ. കൂടാതെ ഇപ്പോൾ വഹ്‌യുടേയും ഖിലാഫത്തിന്റേയും മാർഗം അടഞ്ഞുകിടക്കുന്നുവെന്നും ഇനി ദൃഷ്ടാന്തങ്ങൾ വെളിപ്പെ

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ | Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 16 June 2022 Issue-24

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

ടുകയില്ലെന്നും ദുആ സ്വീകാര്യമാവുകയില്ലെന്നും പറയുന്നത് നാശത്തിന്റെ വഴിയാണ്. അത് രക്ഷയുടെ വഴിയല്ല. ദൈവത്തിന്റെ അനുഗ്രഹങ്ങളെ നിഷേധിക്കാതിരിക്കുക. എഴുന്നേൽക്കൂ! പരിശോധിക്കൂ! അതിനുശേഷം സാമാന്യബുദ്ധിയുള്ള മനുഷ്യനാണെങ്കിൽ നിഷേധിക്കാവുന്നതാണ്. എന്നാൽ, അല്ലാഹുവിന്റെ കഴിവുകൾ കാണുകയും അവന്റെ സത്യാത്മാക്കളിലൂടെ പ്രകടമാകുന്ന അവന്റെ കരങ്ങളിലെ പ്രകാശം ദർശിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ ഈ സത്യത്തെ മുറുകെപിടിക്കുവിൻ. *(ബർക്കാത്തുദ്ദുആ, റൂഹാനീ ഖസാഇൻ വാള്യം 6. പേജ് 24)*

**പേജ് 1 ൽ നിന്ന്**

രക്തത്തിന്റേയും ഇടയിൽനിന്ന്-ശുദ്ധവും കുടിക്കുന്നവർക്ക് രുചികരവുമായ പാൽ നിങ്ങളെ നാം കുടിപ്പിക്കുന്നു.)(16:67)എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു:

"ഈ ആയത്ത് വിശുദ്ധ ഖുർആൻ ഇറക്കിയവൻ ലോകത്തിന്റെ സ്രഷ്ടാവാണെന്ന കാര്യത്തിന് സാക്ഷിയാണ്. കാരണം അക്കാലത്ത് ലോകത്തിന് അറിയാതിരുന്ന, പാലുണ്ടാകുന്നതിന്റെ രീതി പറയപ്പെട്ടിരിക്കുന്നു. പിന്നീടാണ് അത് കണ്ടുപിടിച്ചത്. അതെന്താണെന്നാൽ ഭക്ഷണം ആമാശയത്തിൽനിന്ന് കുടലുകളിൽ വരുന്നു. അതിൽനിന്നാണ് ഭക്ഷ്യാവശിഷ്ടം തയ്യാറാകുന്നത്. ആ ഭക്ഷ്യാവശിഷ്ടത്തിൽനിന്ന് ഒരു ധാതു രക്തമായി തീരുകയും ആ രക്തത്തിൽനിന്ന് പാലുണ്ടാകുകയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ ഇറങ്ങിയതിനുശേഷമുള്ള ഗവേഷണങ്ങളിൽനിന്ന് സ്ഥാപിതമായ യാഥാർഥ്യമാണിത്. പിന്നീടു വന്ന ഖുർആൻ വ്യാഖ്യാതാക്കൾ ആരംഭകാലത്തുണ്ടായിരുന്ന വ്യാഖ്യാതാക്കളുടെ അബദ്ധം അവതരിപ്പിച്ച് യഥാർഥത്തിൽ ഭക്ഷ്യാവിശിഷ്ടത്തിൽനിന്ന് രക്തവും രക്തത്തിൽനിന്ന് പാലുമുണ്ടാകുന്നുവെന്ന് പ്രകടിപ്പിച്ചിരിക്കുന്നു. എന്നാൽ, ഏതൊരു വ്യാഖ്യാനമാണോ അവർ വിവരിച്ചിട്ടുള്ളത് അതും പൂർണമായ നിലയിൽ ശാസ്ത്രമനുസരിച്ചല്ല. പക്ഷേ, വിശുദ്ധ ഖുർആനിന്റെ വാക്കുകൾ ശാസ്ത്രത്തിന്റെ നിലവിലെ ഗവേഷണത്തിന് തികച്ചും അനുസൃതമാണ്. അതെന്താണെന്നാൽ, ഭക്ഷണം ആമാശയത്തിൽനിന്ന് കുടലുകളിൽപോകുന്നു. അവിടെനിന്ന് അതിന്റെ ദഹിച്ച സൂക്ഷ്മമായ ഭാഗം ഞരമ്പുകളിലൂടെ നേരെ ഹൃദയംവരെ പോകുകയും നാഡികളിൽവീണ് രക്തമായി തീരുകയും ചെയ്യുന്നു. മറ്റൊരു സൂക്ഷ്മമായ ഭാഗം ആമാശയത്തിൽനിന്ന് നേരിട്ട് കരളിലെത്തി അവിടെനിന്ന് നാഡികളിലൂടെ ഹൃദയത്തിൽവീണ് രക്തമായിതീരുന്നു. പിന്നീട് ഈ രക്തം അകിടിന്റെ അടുത്തെത്തുമ്പോൾ അവിടെ അല്ലാഹു ആ രക്തം പാലായി തീരുന്ന സൗകര്യം ഒരുക്കിയിരിക്കുന്നു.

ഈ യാഥാർഥ്യത്തിൽനിന്ന് പഴയകാലത്തെ ആളുകൾ എത്രമാത്രം അപരിചിതരായിരുന്നുവെന്നാൽ ഖുർആൻ വ്യാഖ്യാതാക്കൾ ഈ ആയത്തിന് അർഥമെഴുതാൻ ഒരുപാട് ബുദ്ധിമുട്ട് അനുഭവിച്ചു. നിലിലുണ്ടായിരുന്ന ചിന്താഗതികളനുസരിച്ച് ഭക്ഷ്യാവിശിഷ്ടവും രക്തവുമുണ്ടാകുന്നതിന്നിടയിൽ പാലായി തീരുന്ന എന്തോമാറ്റം ഉണ്ടാകുന്നുവെന്ന് മനസ്സിലാക്കി. കശ്ശാഫിന്റെ ഗ്രന്ഥകർത്താവ് എഴുതുന്നു, ഭക്ഷണം മൃഗത്തിന്റെ ആമാശയത്തിലെത്തുമ്പോൾ അതിന്റെ താഴത്തെ ഭാഗം ചാണകമായിത്തീരുന്നു. ഇടയ്ക്കുള്ള ഭാഗം പാലായിതീരുന്നു. മുകളിലത്തെ ഭാഗം രക്തമായിതീരുന്നു. വാസ്തവത്തിൽ ഭക്ഷ്യാവിശിഷ്ടത്തിലൂടേയും രക്തത്തിലൂടേയും കടന്ന് പാലിന്റെ പദാർഥം വരുന്നുവെന്ന് ആയത്ത് വ്യക്തമായും പറയുന്നു. അതായത് ആദ്യം ഭക്ഷണാവിശിഷ്ടത്തിന്റെ അവസ്ഥ ഉണ്ടാകുന്നു. പിന്നീട് രക്തത്തിന്റേയും പിന്നീട് പാലിന്റേയും. ഈ ആദ്യത്തെ രണ്ടു വസ്തുക്കളിൽനിന്ന് ഒന്നിനേയും സന്തോഷത്തോടെ തിന്നാൻ മനുഷ്യൻ തയ്യാകുന്നില്ല. ചാണകം തിന്നാനും ഇഷ്ടപ്പെടുന്നില്ല, രക്തം കുടിക്കാനും സന്തോഷത്തോടെ തയ്യാറാകുന്നില്ല. പക്ഷേ, അതേ രക്തം പാലായിത്തീരുമ്പോൾ അത് നല്ല രുചിയോടെ കുടിക്കുന്നു. അതിൽ ചാണകത്തിന്റെ അഴുക്കോ രക്തത്തിന്റെ ദോഷകരമായ ഏതെങ്കിലുമൊന്നോ അവശേഷിക്കുന്നില്ല.

കുറഞ്ഞ അളവിൽപോലും പാലുണ്ടാക്കാൻ ആർക്കും കഴിയുകയില്ലെന്നല്ല ഈ ആയത്തിന്റെ അർഥം. ഏതെങ്കിലും കാലത്ത് ആളുകൾ കുറച്ചു പാലുണ്ടാക്കാനും സാധ്യതയുണ്ട്. പക്ഷേ, ഇപ്രകാരം മുഴുവൻ ലോകത്തിനും ഭക്ഷണമെത്തിക്കാൻ സാധിക്കുകയില്ല. ജനങ്ങൾ ഗ്യാസിൽനിന്ന് വെള്ളവും ഉണ്ടാക്കുന്നുണ്ട്. പക്ഷേ, ആ കുറച്ചുതുള്ളി വെള്ളം കാർമേഘങ്ങളുടെ ജോലി ചെയ്യുകയില്ല. ഇപ്രകാരം ഏതെങ്കിലും കാലത്ത് ആരെങ്കിലും പുല്ലിലകളിൽനിന്നു പാലും ഉണ്ടാക്കുകയാണെങ്കിൽ അത്ഭുതപ്പെടേണ്ടതില്ല. എന്നാൽ, ലോകത്തിന് വെള്ളം ലഭ്യമാക്കുന്ന ജോലി കാർമേഘങ്ങളിലിരിക്കുന്നതുപോലെ ഭക്ഷണം നല്കുന്ന ജോലി മൃഗങ്ങളുടെ കൈയിൽത്തന്നെയിരിക്കുന്നതാണ്. മനുഷ്യന് ഭക്ഷണം ചീത്തയാക്കാൻ കഴിയും, പക്ഷേ, അതിൽനിന്ന് പാലുണ്ടാക്കാൻ സാധിക്കുകയില്ലെന്ന സൂചനയും ഈ ആയത്ത് നല്കുന്നുണ്ട്. ഇപ്രകാരം മനുഷ്യൻ പ്രവാചകന്മാരുടെ അധ്യാപനം എടുത്ത് മോശമാക്കാറുണ്ട്, പക്ഷേ, മനുഷ്യന്, മസ്തിഷ്കങ്ങളിൽ കാണുന്ന ശുദ്ധമല്ലാത്ത സ്വാഭാവികമായ സത്യതകളെ ശുദ്ധവും ഉന്നതവുമായ ആത്മീയാധ്യാപനമാക്കാൻ കഴിയില്ല. *(തഫ്സീറെ കബീർ, വാള്യം 4, പേജ് 192, പ്രസാധനം 2010, ഖാദിയാൻ)*

**പേജ് 9 ൽ നിന്ന്**

സ്‌ലാമിലേക്ക് തിരിച്ചു കൊണ്ടുവന്നു. വഴിയിൽ സജാഹിന്റെ അവശേഷിച്ച സൈന്യത്തെയും കണ്ടുമുട്ടി. അവരെ അന്വേഷിക്കുകയും വധിക്കുകയും ചെയ്തു. ഗുണപാഠദായകമായ ശിക്ഷയാണ് അവർക്കു നൽകിയത്. പിന്നീട് യമാമയുടെമേൽ ആക്രമണം നടത്തി. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർനാമെ, ഡോക്ടർ അലി മുഹമ്മദി സലാബി മുത്തർജിം പേജ് 353-354, മക്തബത്തുൽഫുർഖാൻ മുള്ഫർ ഗഡ്, പാക്കിസ്താൻ)*

യമാമ യുദ്ധത്തെ കുറിച്ചുള്ള വിശദീകരണം ഇൻശാ അല്ലാഹ് തുടർന്നും വിവരിക്കുന്നതാണ്.

## വാർഷിക ഇജ്തിമാകൾ 2022

സയ്യിദുനാ അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് ഉപസംഘടനകളായ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, മജ്‌ലിസ് അൻസ്വാറുല്ലാഹ്, ലജ്ന ഇമാഇല്ലായുടെ വാർഷിക ഇജ്തിമാകൾ 2022 ഒക്ടോബർ 21, 22, 23 തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. എല്ലാവരും ദുആയോടുകൂടി ഈ ഇജ്തിമാകളിൽ പങ്കെടുക്കാൻ എല്ലാ വിധത്തിലും ശ്രമിക്കുക.

*(സ്വദ്ർ*
*മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത്)*

**www.alislam.org**

Al Islam - Official website of Ahmadiyya Muslim Community

## 127-ാമത് ജൽസസാലാന ഖാദിയാൻ 2022 ഡിസംബർ 23, 24, 25 തിയതികളിൽ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽഅസീസ് 127-ാമത് ഖാദിയാൻ ജൽസ 2022 ഡിസംബർ 23,24,25 തിയതികളിൽ (വെള്ളി, ശനി ഞായർ)നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന് നിയ്യത്തോടുകൂടി തയ്യാറെടുപ്പ് തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് അനുഗ്രഹമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ ജൽസസാലാന എല്ലാവിധത്തിലും വിജയപ്രദവും അനുഗൃഹീതവും അപ്രകാരംതന്നെ ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തവും ആകുന്നതിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. *(നാളിർ ഇസ്വ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

## നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin